# കൊടുങ്ങല്ലൂർ ചേരമാൻ ജുമാ മസ്ജിദ്

## (THE FIRST MASJID IN INDIA)

Website : www.cheramanmosque.com | www.cheramanjumamasjid.com
E-mail : cheramanmasjid@gmail.com
Phone: 0480 - 280 3170,+91 82 89 84 3170



# മഹല്ല് പൊതുയോഗം 2014

**2014 ജൂൺ 1 ഞായറാഴ്ച രാവിലെ 9 മണിക്ക്**
**ചേരമാൻ ഓർഫനേജ് ഹാളിൽ**

## നോട്ടീസ്

മാന്യരെ, السلام عليكم

കൊടുങ്ങല്ലൂർ ചേരമാൻ ജുമാ മസ്ജിദ് മഹല്ലിന്റെ വാർഷിക പൊതുയോഗം 01.06.2014 ഞായറാഴ്ച രാവിലെ 9 മണിക്ക് ചേരമാൻ ഓർഫനേജ് ഹാളിൽ വെച്ച് കൂടുവാൻ തീരുമാനിച്ചിരിക്കുന്നു. താങ്കളും കുടുംബത്തിലെ പ്രായപൂർത്തിയായ പുരുഷമെമ്പർമാരും യോഗത്തിൽ പങ്കെടുക്കുവാൻ താൽപര്യപ്പെടുന്നു.

പൊതുയോഗത്തിന് വരുമ്പോൾ ചർച്ചകൾക്കായി ഈ റിപ്പോർട്ട്ബുക്ക് കൊണ്ടുവരേണ്ടതാണ്. പൊതുയോഗനോട്ടീസ് മസ്ജിദിന്റെ വെബ്സൈറ്റിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

എന്ന്,
**എസ്.എ. അബ്ദുൽ കയ്യൂം (ഒപ്പ്)**
സെക്രട്ടറി, ചേരമാൻ മഹല്ല് ഭരണസമിതി

10-05-2014
കൊടുങ്ങല്ലൂർ

# ഭരണസമിതി അംഗങ്ങൾ

| | | |
|---|---|---|
| 1. | ജനാബ്. **ഡോ. പി.എ. മുഹമ്മദ് സഈദ്** | പ്രസിഡന്റ് |
| 2. | ജനാബ്. **യു.എ. സെയ്തു മുഹമ്മദ്** | വൈ: പ്രസിഡന്റ് |
| 3. | ജനാബ്. **എസ്.എ. അബ്ദുൽ കയ്യൂം** | സെക്രട്ടറി |
| 4. | ജനാബ്. **പി.എസ്. മുഹമ്മദ് റഷീദ്** | ജോ. സെക്രട്ടറി |
| 5. | ജനാബ്. **എ.കെ.കെ. നയന (മുത്തു)** | ട്രഷറർ |
| 6. | ജനാബ്. **കെ.എ. അമീർ അലി** | കമ്മറ്റി മെമ്പർ |
| 7. | ജനാബ്. **കെ.എ. അബ്ദുൽ കരീം** | കമ്മറ്റി മെമ്പർ |
| 8. | ജനാബ്. **ടി.എ. സിദ്ധീഖ്** | കമ്മറ്റി മെമ്പർ |
| 9. | ജനാബ്. **എ.എ. യൂസുഫ്** | കമ്മറ്റി മെമ്പർ |
| 10. | ജനാബ്. **കെ.എം. അബ്ദുൽ റഹിമാൻ** | കമ്മറ്റി മെമ്പർ |
| 11. | ജനാബ്. **കെ.പി. അഷ്റഫ്** | കമ്മറ്റി മെമ്പർ |
| 12. | ജനാബ്. **സി.കെ. അബ്ദുൾ കലാം** | കമ്മറ്റി മെമ്പർ |
| 13. | ജനാബ്. **പി.എം. അബ്ബാസ്** | കമ്മറ്റി മെമ്പർ |
| 14. | ജനാബ്. **കെ.വൈ. അക്ബർ** | കമ്മറ്റി മെമ്പർ |

ഓഡിറ്റേഴ്സ്

**ജനാബ്. എൻ.എ. അലി**

**ജനാബ്. സി.എ. അബ്ദുൽ റഷീദ്**

മുഖ്യ വരണാധികാരി

**ജനാബ് സി.വൈ. സലീം**

സഹവരണാധികാരി

**ജനാബ് നവാസ് പടുവിങ്ങൽ**

## മഹല്ല് ഭരണസമിതി തെരഞ്ഞെടുപ്പ് സംബന്ധിച്ച അറിയിപ്പ്

2014-2016 കാലയളവിലെ മഹല്ല് ഭരണസമിതിയിലേക്കുള്ള തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ ആഗ്രഹിക്കുന്ന മഹല്ല് അംഗങ്ങൾ ഭരണഘടന 4 : 2 പ്രകാരം നാമനിർദ്ദേശപത്രിക ഓഫീസിൽ നിന്നും വാങ്ങി യഥാവിധി പൂരിപ്പിച്ച് മഹല്ല് പൊതുയോഗത്തിൽ വരണാധികാരം വശം നൽകേണ്ട താണ്. നാമനിർദ്ദേശപത്രിക 29-05-2014 വ്യാഴാഴ്ച വൈകീട്ട് 5 മണിക്ക് മുമ്പായി വാങ്ങിയിരി ക്കേണ്ടതാണ്. അതിന് ശേഷം പത്രിക വിതരണം ഉണ്ടായിരിക്കുന്നതല്ല.

എന്ന്,

| | |
|---|---|
| സഹവരണാധികാരി | മുഖ്യ വരണാധികാരി |
| **ജനാബ് നവാസ് പടുവിങ്ങൽ (ഒപ്പ്)** | **ജനാബ് സി.വൈ. സലീം (ഒപ്പ്)** |

# മഹല്ല് പൊതുയോഗം - 2014

## കാര്യപരിപാടി

1. പ്രാർത്ഥന
2. സ്വാഗതം
3. ഉപക്രമം
4. 2013-2014 വർഷത്തെ വിദ്യാഭ്യാസ അവാർഡ് വിതരണം.
5. 23.06.2013 ൽ കൂടിയ മഹല്ല് പൊതുയോഗത്തിന്റെ മിനിറ്റ്സ് വായിച്ച് അംഗീകരിക്കൽ.
6. പ്രവർത്തന റിപ്പോർട്ട്, ഓഡിറ്റ് ചെയ്ത വരവ് ചെലവ് കണക്ക് (2013-2014) അവതരിപ്പിച്ച് പാസാക്കൽ
7. ചോദ്യങ്ങൾ - പ്രമേയങ്ങൾ
8. 2014-2015 ലേക്കുള്ള ബഡ്ജറ്റ് അവതരിപ്പിക്കൽ
9. 2014-2016 വർഷത്തേക്കുള്ള മഹല്ല് ഭരണസമിതിയെ തെരഞ്ഞെടുക്കൽ.
10. അദ്ധ്യക്ഷൻ അനുവദിക്കുന്ന കാര്യങ്ങൾ
11. ഉപസംഹാരം
12. നന്ദി

**എസ്.എ. അബ്ദുൽ കയ്യൂം** (ഒപ്പ്)
സെക്രട്ടറി

**ചോദ്യങ്ങൾ പ്രമേയങ്ങൾ തുടങ്ങിയവ 25.05.2014 -ന് വൈകീട്ട് 5 മണിക്ക് മുമ്പായി ഓഫീസിൽ നൽകേണ്ടതാണ്. നിശ്ചിത സമയത്തിനു ശേഷമുള്ള ചോദ്യങ്ങളും പ്രമേയങ്ങളും സ്വീകാര്യമല്ല.**

---

**കണക്കുകൾ സംബന്ധിച്ച ചോദ്യങ്ങൾ മുൻകൂട്ടി എഴുതി സമർപ്പിച്ചാൽ മാത്രമെ മറുപടി തയ്യാറാക്കി നൽകാൻ കഴിയുകയുള്ളു.**

# പ്രവർത്തന റിപ്പോർട്ട് 2013-2014

പ്രിയരെ, അസ്സലാമുഅലൈക്കും

ചേരമാൻ ജുമാമസ്ജിദ് മഹല്ലിന്റെ തെരഞ്ഞെടുപ്പ് പൊതുയോഗത്തിലാണ് ഈ റിപ്പോർട്ട് നാം ചർച്ച ചെയ്യുന്നത്. "ശാന്തിയുള്ള സമൂഹത്തിന് മാത്രമേ പുരോഗതിയുണ്ടാകൂ" എന്ന ചരിത്രയാഥാർത്ഥ്യത്തിന്റെ ഫലം കൊയ്തവരാണ് നമ്മളെന്ന് മഹല്ല് കമ്മറ്റി വിലയിരുത്തുന്നു. മാറുന്ന സമൂഹത്തിനൊപ്പമെത്താനുള്ള മുന്നൊരുക്കങ്ങൾ നടത്താൻ ശ്രമിക്കുന്നു എന്നത് തന്നെ ഏറെ ആശ്വാസകരമാണ്. ഇന്ത്യ ഉപഭൂഖണ്ഡത്തിലെ ആദ്യ ജുമാമസ്ജിദായ നമ്മുടെ മഹല്ലിനെ രാജ്യം മുഴുവനും ഒരു മാതൃകാ മഹല്ലായി നെഞ്ചേറ്റുന്ന ഒരു ചരിത്ര മുഹൂർത്തത്തിലൂടെയാണ് നാം കടന്നുപോകുന്നത്. നമ്മുടെ പ്രവർത്തനങ്ങളിലെ ന്യൂനതകളും, നമ്മുടെ പ്രതിസന്ധികളും നാം ചർച്ച ചെയ്യപ്പെടേണ്ടതുണ്ട്. എന്നിരുന്നാലും ഒരു സമൂഹം മുഴുവനും പ്രതീക്ഷയോടെ നമ്മെ ഉറ്റുനോക്കുന്നുണ്ട്. പ്രബുദ്ധമായ നമ്മുടെ മഹല്ല് പൊതുയോഗങ്ങൾ കാലാകാലങ്ങളിൽ എടുക്കുന്ന തീരുമാനങ്ങൾ അതിന്റെ ഉള്ളടക്കത്തിന്റെ സത്യസന്ധത നഷ്ടപ്പെടുത്താതെ നടപ്പിലാക്കാൻ മഹല്ല് കമ്മിറ്റി വിട്ടുവീഴ്ചയില്ലാതെ പ്രവർത്തിച്ചു വരുന്നു. ചെയ്യാൻ കഴിയുമായിരുന്ന ഒട്ടേറെ കാര്യങ്ങൾ ബോധപൂർവ്വമല്ലെങ്കിൽ പോലും വീഴ്ചവരുത്തിയിട്ടുണ്ടെങ്കിൽ അല്ലാഹുവിനെ ഭയക്കുന്നു. മഹല്ല് അംഗങ്ങൾ വിശ്വസിച്ച് എൽപ്പിച്ച് തന്ന അല്ലാഹുവിന്റെ ഈ ഭവനം അവരുടെ പ്രതീക്ഷപോലെ പരിപാലിച്ച് കൊണ്ടുവരാൻ പരിമിതിക്കുള്ളിൽ നിന്നും കഴിഞ്ഞുവെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. മറ്റേതൊരു മഹല്ലിനേക്കാളും പുരോഗമന ചിന്താഗതിയും സൂക്ഷമമായ വിലയിരുത്തലും തികഞ്ഞ ജാഗ്രതയുമുള്ള ഒരു ജനതയാണ് ചേരമാൻ മഹല്ലിലുള്ളത്. പോരായ്മകൾ ചൂണ്ടിക്കാണിക്കാനും, നിർദ്ദേശങ്ങളും അഭിപ്രായങ്ങളും മഹല്ല് കമ്മറ്റിയെ നേരിൽ അറിയിക്കാനും, വിമർശനങ്ങളിൽ വിട്ട്വീഴ്ച കാണിക്കാത്തതുമായ ഒരു സമൂഹത്തെ പരിപാലിക്കാൻ ലഭിക്കുന്നത് ഭാഗ്യമാണ്. "ഫലപ്രാപ്തിയിലല്ല, പരിശ്രമത്തിലാണ് സംതൃപ്തി കുടികൊള്ളുന്നത്. പരിപൂർണ്ണമായ പരിശ്രമമാണ് സമ്പൂർണ്ണ വിജയം" എന്ന ഗാന്ധിയൻ സിദ്ധാന്തം സാന്ദർഭികമായി ഉണർത്തുന്നു. എത്രവർഷം ഭരിച്ചു എന്നതിനേക്കാളപ്പുറം പ്രവർത്തിച്ചനാളുകളിൽ മഹല്ലിന് വേണ്ടി എന്തെല്ലാം ചെയ്തു എന്നതായിരിക്കണം നല്ല ഭരണസമിതിയെ നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം എന്നതിൽ കമ്മിറ്റിക്ക് സംശയം ഒന്നുമില്ല. ഈ രണ്ട് കാര്യങ്ങളും ഒരുമിച്ച് കൊണ്ടുപോകുവാനും ലഭ്യമായ വിഭവങ്ങൾ പൂർണ്ണമായും ഉപയോഗപ്പെടുത്തിയും നമ്മുടെ മഹല്ലിന്റെ ശോഭനമായ ഭാവിക്ക് വേണ്ടി കമ്മിറ്റി ആവുന്ന ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. മഹല്ല് പരിപാലത്തിൽ ഞങ്ങളുടെ നേട്ടങ്ങൾ മഹല്ല് നിവാസികളുടെ നേട്ടങ്ങളായും, മഹല്ലിന്റെ പുരോഗതിയായും കാലം വിലയിരുത്തുന്നുമെന്നാണ് ഞങ്ങളുടെ വിനീതമായ അഭിപ്രായം.

റിപ്പോർട്ട് കാലയളവിൽ 28 കമ്മറ്റിയോഗങ്ങളും, 4 എക്സിക്യൂട്ടീവ് യോഗങ്ങളും, നിർമ്മാണ പ്രവർത്തനങ്ങൾക്കായുള്ള സബ്കമ്മിറ്റിയുടെ 43 പ്രതിവാരയോഗങ്ങളും ചേർന്നിട്ടുണ്ട്. കൂടാതെ 12 സ്റ്റാഫ് യോഗങ്ങളും, അഡ്വൈസറി കമ്മിറ്റികളുടെ 4 സംയുക്തയോഗങ്ങളും വിളിച്ച് കൂട്ടിയിട്ടുണ്ട്. മഹല്ലിന്റെ ജനാധിപത്യസംസ്കാരത്തിന് നാം മാതൃകയാകണം എന്നതിനാൽ അത്തരത്തിലൊരു സമൂഹത്തെ വളർത്തികൊണ്ടുവരുന്നതിനുമുള്ള ശ്രമങ്ങളും കമ്മറ്റി നടത്തിയിട്ടുണ്ട്. മഹല്ല് കമ്മിറ്റിയിലൂടെയല്ലാതെ യാതൊരുവിധ തീരുമാനങ്ങളും എടുക്കാൻ പാടില്ലെന്ന ആപ്തവാക്യം ഞങ്ങൾ പരിപാലിച്ച് വരുന്നു. ചുറ്റുപാടുള്ള സംഗതികളോട് പ്രതികരിക്കാനും വർത്തമാന കാലഘട്ടത്തിൽ മഹല്ലിന്റെ യശ്ശസ് നിലനിർത്താനും കമ്മറ്റി ശ്രദ്ധിച്ചിട്ടുണ്ട്.

**കൊമേഴ്സ്യൽ കോംപ്ലക്സ് നിർമ്മാണം :** കഴിഞ്ഞ റിപ്പോർട്ട് വർഷത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച മഹല്ലിന്റെ കൊമേഴ്സ്യൽ കോംപ്ലക്സ് ഏതാണ്ട് പണി പൂർത്തീകരിച്ച് വരികയാണ്. മഹല്ലിന്റെ ഏക്കാലത്തെയും വരുമാന സ്ത്രോതസ്സായി മാറുന്ന ഈ കെട്ടിട സമുച്ചയം നിരവധി പ്രതിസന്ധി ഘടകങ്ങളെ അതിജീവിച്ചാണ് നിർമ്മാണം പുരോഗമിക്കുന്നത്. ഫണ്ടിന്റെ അഭാവം കാരണം പലപ്പോഴും നിർമ്മാണം പാതിവഴിയിൽ ഉപേക്ഷിക്കപ്പെടേണ്ട അവസ്ഥ സംജാതമാകുമ്പോഴൊക്കെയും അല്ലാഹുവിന്റെ അത്ഭുകരമായ സഹായം നമ്മെ തേടിയെത്തുന്നത് അതിശയകരമാണ്. 80ഓളം മുറികളുള്ള ഈ കെട്ടിടത്തിന്റെ മൂന്നു നിലകളും ഈ വർഷം വാടകയ്ക്ക് കൊടുക്കുവാൻ കഴിയുന്ന വിധം പണിപൂർത്തികരിച്ചുവരികയാണ്. നമ്മുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് മറ്റു വഴികൾ ഒന്നും ഇല്ലാത്തതിനാൽ കൈവശമുള്ള ഭൂസ്വത്തുക്കളിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി വരുമാനം വർദ്ധിപ്പിക്കുന്നതിനു കമ്മറ്റി തീരുമാനിച്ചിട്ടുള്ളത്. എൻ.എച്ച്.-17 ഗതാഗതത്തിന് തുറന്നുകൊടുക്കുമ്പോൾ മഹല്ലിന്റെ വരുമാനത്തിലുണ്ടാകുന്ന കുറവിനെ മറികടക്കാനും മഹല്ലിന്റെ ശമ്പളം മുതലായ അടിസ്ഥാന ചെലവുകൾ നിർവ്വഹിക്കാനുതകുംവിധം മഹല്ലിന് ഇപ്പോഴുള്ള കെട്ടിടങ്ങളിൽ നിന്ന് വാടക ലഭിക്കും എന്നും കമ്മിറ്റി പ്രതീക്ഷിക്കുന്നു. 22426 സ്ക്വയർഫീറ്റ് വിസ്തൃതിയുള്ള ഈ കെട്ടിടത്തിന് 31-03-2014 വരെ 1,29,19,865 രൂപ ആകെ ചെലവ് ചെയ്തിട്ടുണ്ട്.

മഹല്ല് ഭരണഘടന 2.3.3.4 വകുപ്പ് പ്രകാരം സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിന് മഹല്ല് അംഗങ്ങളിൽ നിന്നും ഈ വർഷവും കമ്മറ്റി വായ്പയെടുത്തിട്ടുണ്ട്. കഴിഞ്ഞ വർഷം വാങ്ങിയപണം തിരിച്ച് നൽകാനും ശ്രദ്ധിച്ചിട്ടുണ്ട്. മഹല്ലിന്റെ ആവശ്യവുമായി സമീപിക്കുമ്പോൾ നമ്മുടെ പ്രതീക്ഷികൾക്കപ്പുറത്ത് ലഭിക്കുന്ന സഹായം തീർച്ചയായും നമ്മുടെ നിഷ്കളങ്കമായ പ്രവർത്തനങ്ങൾക്ക് സർവ്വശക്തൻ നൽകുന്ന പിന്തുണയായി ഞങ്ങൾ കണക്കാക്കി നാഥനോട് നന്ദി പറയുന്നു. മഹല്ലിന്റെ സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യാൻ പണം നൽകി സഹായിച്ച വ്യക്തികൾക്ക് മഹല്ല് കമ്മറ്റി നന്ദി രേഖപ്പെടുത്തുന്നു. ഒപ്പം സർവ്വശക്തൻ അവർക്ക് മതിയായ പ്രതിഫലം നൽകട്ടെയെന്നും അവരുടെ സമ്പത്ത് വർദ്ധിപ്പിച്ച് നൽകി അനുഗ്രഹിക്കട്ടെയെന്നും ദുആ ചെയ്യുന്നു. (ആമീൻ)

കൊമേഴ്സ്യൽ കോംപ്ലക്സിന്റെ നിർമ്മാണത്തിൽ നേരിട്ട സാമ്പത്തിക ബുദ്ധിമുട്ടുകൾ തരണം ചെയ്യുന്നതിന് കമ്മറ്റി കേന്ദ്ര വഖഫ് ബോർഡിൽ നിന്നും വായ്പ വാങ്ങുന്നതിനുള്ള പ്രാരംഭ ജോലികൾ ആരംഭിച്ചിരുന്നുവെങ്കിലും വായ്പ ലഭ്യമാക്കാൻ കാലതാമസം നേരിടുമെന്നതിനാലും, ഉയർന്നലാഭവിഹിതം നൽകണമെന്ന വ്യവസ്ഥ മനസ്സിലാക്കിയതിനാലും ഈ ശ്രമം മഹല്ല് കമ്മറ്റി ഉപേക്ഷിക്കുകയായിരുന്നു. നിർമ്മാണ പ്രവർത്തനങ്ങൾക്ക് വ്യക്തികളിൽ നിന്നും സമൂഹവിവാഹഫണ്ടിൽ നിന്നും വാങ്ങിയിട്ടുള്ള വായ്പയും തിരിച്ച് നൽകാനും അവശേഷിക്കുന്ന നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിക്കാനും ഈ വർഷം കഴിയുമെന്ന് കമ്മറ്റി പ്രതീക്ഷിക്കുന്നു.

## മദ്രസകൾ

**1. ലോകമലേശ്വരം മദ്രസ്സ :** ലോകമലേശ്വരം മദ്രസയുടെ നിലവിലുള്ള കെട്ടിടത്തിന്റെ ഒരു ഭാഗം കേട്പാടുകൾ മൂലം തകർച്ചയിലായതിനാൽ, അപകടം മുൻകൂട്ടികണ്ട് ടി കെട്ടിടഭാഗം പൊളിച്ച് നീക്കകയും തൽസ്ഥാനത്ത് കൂടുതൽ സൗകര്യത്തോടെ പുതിയ കെട്ടിടം നിർമ്മിച്ച് തുറന്ന് കൊടുക്കുകയും ചെയ്തിട്ടുണ്ട്. മഹല്ലിൽ തീരെ സ്ഥലസൗകര്യമില്ലാത്ത 2 മദ്രസകളിൽ ഒന്നാണ് ലോകമലേശ്വരം ഹിദായത്തുൽ ഇസ്ലാം മദ്രസ്സ. 3 സെന്റ് ഭൂമിയിൽ സ്ഥിതി ചെയ്യുന്ന പള്ളിയും മദ്രസയും വികസനസാദ്ധ്യതകളില്ലാതെ വീർപ്പുമുട്ടുകയാണ്. നിലവിലുള്ള സൗകര്യം ഉപയോഗപ്പെടുത്തുന്നതിന് പരമാവധി ശ്രദ്ധിച്ചിട്ടുണ്ട്. 40 വിദ്യാർത്ഥികൾ

പഠിക്കുന്ന ടി മദ്രസ്സയിലെ 2 അദ്ധ്യാപകരിൽ ഒരാൾ ഇമാമത്ത് തസ്തികയിലാണ് ജോലി ചെയ്യുന്നത്.

**2. അഞ്ചപ്പാലം മദ്രസ്സ :** മഹല്ലിൽ ഏറ്റവും കൂടുതൽ കുട്ടികൾ പഠിക്കുന്ന അഞ്ചപ്പാലം നൂറുൽ ഇസ്‌ലാം മദ്രസ്സയിൽ, ഇമാമത്ത് ജോലി ഉൾപ്പെടെയുള്ള തസ്തികകളിൽ ഒരു അധ്യാപകനും, രണ്ട് പാർട്ട് ടൈം അധ്യാപകരും ഒരു മുക്രിയും ജോലി ചെയ്യുന്നുണ്ട്. 103 വിദ്യാർഥികൾ പഠിക്കുന്ന ഈ മദ്രസയും ദീനി പ്രബോധനങ്ങൾക്ക് ഏറ്റവും മുന്നിലാണ്. മദ്രസയുടെ ദൈനംദിന ആവശ്യങ്ങൾ വീഴ്ച കൂടാതെ നിർവ്വഹിച്ച് നൽകുന്നതിന് കമ്മറ്റി ശ്രദ്ധചെലുത്തുന്നുണ്ട്.

**3. കടുക്കച്ചുവട് മദ്രസ്സ :** ഇമാം ഉൾപ്പെടെ 2 അധ്യാപകർ ജോലി ചെയ്യുന്ന ഈ മദ്രസയിൽ 42 കുട്ടികളാണ് പഠിക്കുന്നത്. മസ്ജിദിന്റെ വികസനത്തിന് സ്ഥലം വാങ്ങുന്നത് അനിവാര്യമാണെന്ന് കമ്മറ്റിക്ക് ബോധ്യമായിട്ടുള്ളത് ഈ പൊതുയോഗം ചർച്ച ചെയ്ത് തീരുമാനമെടുക്കേണ്ടതുമാണ്. മദ്രസയുടെ വികസനത്തിന് പരിസരവാസികളിൽ നിന്നും കുടുതൽ താല്പര്യം ഉള്ളത് കമ്മറ്റിക്ക് ഏറെ പ്രോത്സാഹനം നൽകുന്നു.

**4. ഖിള്ർ മദ്രസ്സ, ടി.കെ.എസ്. പുരം :** 45 കുട്ടികൾ പഠിക്കുന്ന ടി.കെ.എസ്. പുരം ഖിള്ർ മദ്രസ്സയിൽ ഇമാമത്ത് ജോലിയുള്ള ഒരദ്ധ്യാപകനും ഒരു പാർട്ട്ടൈം അദ്ധ്യാപകനും ജോലി ചെയ്യുന്നു. നമസ്കാര സൗകര്യത്തിന് ഇപ്പോൾ പള്ളിയിൽ സ്ഥലപിരമിതിയുള്ളതും പല വഖ്ത്തുകളും രണ്ട് പ്രാവശ്യമായി ജമാഅത്ത് നമസ്ക്കരിക്കേണ്ടിവരുന്നതും കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. പള്ളിയുടെ വിപുലീകരണം അനിവാര്യമായ ഖിള്ർ മസ്ജിദിൽ ടി ജോലികൾ എപ്രകാരം നിർവ്വഹിക്കണമെന്ന് നാം ചർച്ച ചെയ്ത് തീരുമാനിക്കേണ്ടതുണ്ട്. പള്ളിയുടെയും മദ്രസയുടെയും പെയിന്റിംഗ് ജോലികൾ ഈ റിപ്പോർട്ട് വർഷത്തിൽ ചെയ്തിട്ടുണ്ട്. കൂടാതെ മദ്രസ്സയുടെ സൗകര്യത്തിന് കബോർഡ് നിർമ്മിച്ച് നൽകിയിട്ടുണ്ട്. മീലാദാഘോഷത്തിന്റെ പിരിവിൽ നിന്നും മിച്ചം പിടിച്ച സംഖ്യ ഉപയോഗിച്ച് ഈ മദ്രസ്സയിൽ ഒരു ലൈബ്രറി ഒരുക്കുന്നതിന് അദ്ധ്യാപകരും അഡ്വൈസറി കമ്മിറ്റിയും മാതൃകാപരമായി പ്രവർത്തിച്ചതിൽ മഹല്ല് കമ്മിറ്റിക്ക് അഭിമാനമുണ്ട്.

**5. കോട്ടപ്പുറം ടൗൺ മദ്രസ്സ :** 43 കുട്ടികൾ പഠിക്കുന്ന കോട്ടപ്പുറം ജന്നത്തുൽ ഉലൂം മദ്രസ്സ & ടൗൺ മസ്ജിദിൽ ഇമാമത്ത് ചുമതലയുള്ള ഒരു അദ്ധ്യാപകനും ഒരു പാർട്ട് ടൈം അദ്ധ്യാപകനും ജോലി ചെയ്യുന്നു. നമസ്കാരത്തിനും മദ്രസയ്ക്കും ഏറ്റവും കൂടുതൽ സൗകര്യമുള്ള മഹല്ലിലെ ഒരു സ്ഥാപനമാണിത്. നിർഭാഗ്യവശാൽ സദ്ർ മുഅല്ലിം തസ്കയിൽ കഴിഞ്ഞ കുറെ നാളുകളായി സ്ഥിരമായി ആളില്ലാത്ത അവസ്ഥയാണുള്ളത്. ഇത് കുട്ടികളുടെ പഠനത്തെ ഏറെ ബാധിക്കുന്നതായി കമ്മിറ്റിക്ക് ബോധ്യമുണ്ട്. യോഗ്യനായ ഒരു ഇമാമിനെ അടിയന്തിരമായി നിയമിക്കുന്നതിന് കമ്മറ്റിയുടെ ഭാഗത്തുനിന്നും ശ്രമം നടത്തുന്നുണ്ട്. മികച്ച അധ്യാപകരുടെ വ്യാപകമായുള്ള കുറവ് നമ്മുടെ മദ്രസ്സയേയും ബാധിച്ചിട്ടുണ്ട്.

കോട്ടപ്പുറം നമസ്കാരപള്ളിയുടെ തെക്കേ കോമ്പൗണ്ടിൽ കേടുപാടുകൾ സംഭവിച്ച ചുറ്റുമതിൽ നീക്കം ചെയ്ത് പുതിയ മതിൽ നിർമ്മിച്ചിട്ടുണ്ട്. കോമ്പൗണ്ടിൽ നിലവിലുള്ള കെട്ടിടങ്ങൾ കാലപ്പഴക്കം ചെന്നതും ഉപയോഗശൂന്യമായിവരുന്നതുമാണ്. കെട്ടിടങ്ങൾ നീക്കം ചെയ്ത് പുതിയ കെട്ടിട സമുച്ചയം സ്ഥാപിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ ഉണ്ടാകേണ്ടതും ആയതിനുള്ള പദ്ധതി ആസൂത്രണം ചെയ്യപ്പെടേണ്ടതുമാണ്. കോട്ടപ്പുറം മാർക്കറ്റിന് സമീപം സ്ഥിതി ചെയ്യുന്ന ഈ നമസ്ക്കാര പള്ളി, മുസ്‌രിസ് പദ്ധതിയുടെ സമീപത്ത് തന്നെയായതിനാൽ മഹല്ലിന് വരുമാനമുണ്ടാക്കുന്നതിന് ഏറ്റവും അനുയോജ്യമായതുമാണ്.

**6. വി.പി. തുരുത്ത് മദ്രസ്സ :** ഇമാമത്ത് ചുമതലയുള്ള രണ്ട് അധ്യാപകർ ജോലി ചെയ്യുന്ന വി.പി. തുരുത്ത് മസ്ജിദുന്നൂർ & മദ്രസ്സയിൽ 38 കുട്ടികളാണ് പഠിക്കുന്നത്. റിപ്പോർട്ട് വർഷത്തിൽ പള്ളിയുടെയും മദ്രസ്സയുടെയും പെയിന്റിംഗ് ജോലികൾ പൂർത്തീകരിച്ചിട്ടുള്ളതും, മസ്ജിദിന്റെ ദൈനംദിന ആവശ്യങ്ങൾ മഹല്ല് കമ്മറ്റിയുടെ ശ്രദ്ധയിൽപെടുത്തുന്ന മുറക്ക് വീഴ്ചകൂടാതെ നിർവ്വഹിച്ചുവരുന്നുമുണ്ട്. പള്ളിയുടെ വടക്കേഭാഗത്ത് സ്ഥിതി ചെയ്യുന്ന പള്ളിവക സ്ഥലം കാലങ്ങളായി ഉപയോഗമില്ലാതെ കിടക്കുകയാണ്. ടി സ്ഥലം എപ്രകാരം ഉപയോഗപ്പെടുത്തി മഹല്ലിന് വരുമാനമുണ്ടാക്കാൻ കഴിയുമെന്നത് നാം ആലോചിക്കേണ്ടതാണ്. വി.പി.തുരുത്ത് മദ്രസ്സ സ്ഥലസൗകര്യം തീരെ പരിമിതമായ ഒരു ചെറിയ ഹാളിലാണ് 1 മുതൽ 7 വരെ ക്ലാസ്സുകൾ നടത്തുന്നത്. ഇതിന് പരിഹാരമായി പള്ളിയുടെ മുകൾവശം ട്രെസ്സ് വർക്ക് ചെയ്ത് ഉപയോഗിക്കാമെന്ന നിർദ്ദേശം പരിസരവാസികളിൽ നിന്നും ഉയർന്നുവന്നിട്ടുള്ളതാണ്. ടി കാര്യങ്ങളുടെ സാധ്യതകളും മഹല്ല് പൊതുയോഗത്തിൽ നാം ചർച്ച ചെയ്യപ്പെടേണ്ടതാണ്.

**7. തബ്ശീറുൽ ഇസ്‌ലാം മദ്രസ്സ :** മസ്ജിദ് കോമ്പൗണ്ടിൽ സ്ഥിതി ചെയ്യുന്ന ചേരമാൻനഗർ തബ്ശീറുൽ ഇസ്‌ലാം മദ്രസ്സയിൽ 52 കുട്ടികൾ പഠിക്കുന്നുണ്ട്. 3 അധ്യാപകരാണ് ഇവിടെ ക്ലാസുകൾ കൈകാര്യം ചെയ്യുന്നത്. മുൻവർഷങ്ങളിൽ നിന്നും വ്യത്യസ്തമായി സ്ഥിരമായ അധ്യാപകരുള്ളതിനാൽ മദ്രസ്സയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാകാനും, പഠന നിലവാരം ഉയരാനും കാരണമായിട്ടുണ്ട്. മാത്രമല്ല പൂർവ്വവിദ്യാർത്ഥികളുടെ സജീവമായ സാന്നിദ്ധ്യവും സഹകരണവും മദ്രസ്സയ്ക്ക് മുതൽകൂട്ടും മറ്റുള്ളവർക്ക് മാതൃകയുമാണ്.

ടി.കെ.എസ്. പുരം മസ്ജിദിന്റെ വിപുലീകരണം, വി.പി. തുരുത്ത് മദ്രസ്സ സൗകര്യപ്പെടുത്തൽ തുടങ്ങിയ അടിയന്തിര പ്രാധാന്യമുള്ള പദ്ധതികൾ മഹല്ല് കമ്മറ്റിയുടെ പരിഗണനയിൽ ഉണ്ടെങ്കിലും മഹല്ലിന്റെ സാമ്പത്തിക പ്രതിസന്ധിയാണ് ടി കാര്യങ്ങൾ താല്ക്കാലികമായെങ്കിലും മാറ്റിവെയ്ക്കാൻ കാരണമായത്. പുതിയ കമ്മറ്റി മേൽക്കാര്യങ്ങൾ മുൻഗണനാക്രമത്തിൽ ചെയ്തതീർക്കണമെന്ന് അഭ്യർത്ഥിക്കുന്നു. നമ്മുടെ ഏഴ് മദ്രസ്സകളിലായി 363 കുട്ടികൾ പഠനം നടത്തുന്നു. 16 അധ്യാപകരും ഈ മദ്രസ്സയിൽ ജോലി ചെയ്യുന്നുണ്ട്. ശുചീകരണ പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് കോട്ടപ്പുറം അഞ്ചപ്പാലം മദ്രസ്സകളിൽ മുക്രിമാരെയും നിയമിച്ചിട്ടുണ്ട്. കഴിഞ്ഞ അദ്ധ്യയന വർഷത്തേക്കാൾ കുട്ടികളുടെ എണ്ണം മദ്രസ്സകളിൽ വർദ്ധിച്ചിട്ടുണ്ട്. ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ പഠിക്കുന്നത് അഞ്ചപ്പാലം മദ്രസ്സയിലാണ്.

## ക്ഷേമപ്രവർത്തനങ്ങൾ

**1. പെൻഷൻ :** മഹല്ലിൽ പ്രായാധിക്യമുള്ള 44 നിർദ്ധനർക്ക് പ്രതിമാസം 300 രൂപ വീതം പെൻഷൻ നൽകിവരുന്നുണ്ട്. 65 വയസ്സ് മുതലുള്ളവർക്കാണ് നിലവിൽ പെൻഷൻ നൽകിവരുന്നത്. വ്യക്തമായ മാനദണ്ഡങ്ങൾ പെൻഷൻ വിതരണത്തിൽ മഹല്ല് കമ്മറ്റി പാലിച്ചു പോരുന്നുണ്ട്. 2010 ൽ ആരംഭിച്ച പെൻഷൻ പദ്ധതി സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും മുടക്കം വരാതിരിക്കാൻ കമ്മറ്റി ശ്രദ്ധിക്കുന്നുണ്ട്. ഓരോ മാസവും പെൻഷൻ മാത്രം പ്രതീക്ഷിച്ചു കഴിയുന്ന നിരവധി മുഖങ്ങൾ നമുക്ക് മുന്നിലുള്ളതിനാൽ യാതൊരു കാരണവശാലും പെൻഷൻ വിതരണം വീഴ്ച വരാതിരിക്കാൻ കമ്മറ്റി പ്രത്യേകം നിഷ്ക്കർഷിച്ചിട്ടുണ്ട്. പെൻഷൻ അപേക്ഷകരുടെ പ്രായം കുറയ്ക്കൽ, മാനദണ്ഡങ്ങളിൽ ഇളവുചെയ്യൽ, സംഖ്യ വർദ്ധിപ്പിക്കൽ തുടങ്ങിയ പല നിർദ്ദേശങ്ങളും പലരിൽ നിന്നും ഈയിടെയായി കമ്മറ്റിക്ക് ലഭിക്കുന്നുണ്ട്.

**പൊതുതാല്പര്യസഹായഫണ്ട് :** റിപ്പോർട്ട് വർഷത്തിൽ 27,750 രൂപ ഈ ഇനത്തിൽ മഹല്ല് കമ്മിറ്റി ചെലവഴിച്ചിട്ടുണ്ട്. ബഡ്ജറ്റിൽ നിശ്ചയിച്ചിരുന്നത് 25000 രൂപയായിരുന്നെങ്കിലും അപേക്ഷ

കരുടെ ദയനീയ സ്ഥിതി പല അപേക്ഷകളും പരിഗണിക്കുന്നത് കമ്മറ്റിയെ നിർബന്ധമാക്കിയിട്ടുണ്ട്. നമ്മുടെ മഹല്ലിന്റെ പേരും പ്രശസ്തിയും അറിഞ്ഞ് നിരവധി സഹോദരസമുദായാംഗങ്ങളും മറ്റ് മഹല്ല് അംഗങ്ങളും അപേക്ഷകളും, ശുപാർശ കത്തുകളുമായി മഹല്ല് കമ്മറ്റിയെ സമീപിക്കുന്നുണ്ട്. മഹല്ലിന്റെ പൊതുതാല്പര്യഫണ്ടിൽ നിന്നാണ് ഇത്തരം ചെലവുകൾക്ക് വക കണ്ടെത്തുന്നതെങ്കിലും അതിനേക്കാൾ അധികം ചെലവ് യഥാർത്ഥത്തിൽ എല്ലാ വർഷങ്ങളിലും നാം അഭിമുഖീകരിക്കേണ്ടി വരുന്നുണ്ട്.

ക്യാൻസർ രോഗികൾക്ക് ഒരു അഭയകേന്ദ്രമായി പ്രവർത്തിച്ചുവരുന്ന ഹെൽത്ത്കെയർ ഇൻസ്റ്റിറ്റ്യൂട്ടിന് മഹല്ല് ഫണ്ടിൽ നിന്നും പ്രതിമാസം 500 രൂപ ഗ്രാന്റായി നൽകിവരുന്നുണ്ട്. 8 വർഷമായി നൽകിവരുന്ന ടി സംഖ്യയിൽ വർദ്ധനവ് ഉണ്ടാകണമെന്ന ആവശ്യം നിലനിൽക്കുന്നുണ്ട്. പൊതുസമൂഹം നടത്തുന്ന ഇത്തരം സംരംഭങ്ങളിൽ മഹല്ലിന്റെ പങ്കാളിത്തം ഉറപ്പുവരുത്താൻ മഹല്ല് കമ്മറ്റി ശ്രദ്ധിക്കുന്നതാണ്. മഹല്ല് അംഗങ്ങൾഉൾപ്പെടെ നിരവധി രോഗികൾക്ക് എച്ച്.സി.ഐ. ഒരു അഭയകേന്ദ്രമാണെന്നാണ് കമ്മറ്റിയുടെ നിഗമനം.

**ചികിത്സാസഹായം :** മഹല്ല് അംഗങ്ങളായിട്ടുള്ള 48 പേർക്ക് ഈ വർഷം ചികിത്സാ സഹായം നൽകിയിട്ടുണ്ട്. 2013-2014 ലെ മഹല്ല് ബഡ്ജറ്റിൽ 1,50,000 രൂപയാണ് ഈ ഇനത്തിലെ ചെലവ് പ്രതീക്ഷിച്ചിരുന്നത്. അപേക്ഷിക്കുന്നവരുടെ എണ്ണം കൂടുതലായിരുന്നുവെങ്കിലും പരമാവധി അന്വേഷണങ്ങൾ നടത്തി അർഹരായവർക്ക് മാത്രമേ ധനസഹായം അനുവദിച്ചിട്ടുള്ളൂ. മുമ്പ് നാം ചർച്ച ചെയ്തിരുന്നത് പോലെ എല്ലാ അസുഖങ്ങൾക്കും അപേക്ഷ സമർപ്പിക്കുന്ന പതിവ് രീതി മാറ്റി, മാരകമായ രോഗങ്ങൾക്ക് അടിമപ്പെട്ടവർക്ക് മാത്രം മഹല്ലിന്റെ ചികിത്സാ പദ്ധതിയിൽ അപേക്ഷ സമർപ്പിക്കുകയാണെങ്കിൽ അവർക്ക് മാന്യമായ സഹായം നൽകുവാൻ കഴിയുമായിരുന്നു. ടി കാര്യത്തിൽ പൊതുയോഗത്തിന്റെ വ്യക്തമായ മാർഗ്ഗനിർദ്ദേശം അനിവാര്യമാണ്.

**പുരപണി :** 1 ലക്ഷം രൂപയാണ് പുരപണി സഹായം ഇനത്തിൽ കഴിഞ്ഞ വർഷം നാം വക കൊള്ളിച്ചിരുന്നത്. ബഡ്ജറ്റിനേക്കാൾ താഴെയാണ് സംഖ്യ ചെലവഴിച്ചിട്ടുള്ളത്. പുരകെട്ടിമേയുന്നതിനും അപൂർവ്വമായ അപേക്ഷകളും മഹല്ല് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വന്നിട്ടുണ്ട്. പുരകെട്ടി മേയൽ പദ്ധതി പാടെ ഉപേക്ഷിച്ച് അവരെ പുനരധിവസിപ്പിക്കുന്നതിന് ആവശ്യമായ പദ്ധതികൾ മഹല്ല് പൊതുയോഗം ആസൂത്രണം ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. പുരകെട്ടി മേയുന്നതിന് കഴിഞ്ഞ അഞ്ച് വർഷങ്ങൾക്ക് മുമ്പ് 40ൽ പരം അപേക്ഷകൾ ഉണ്ടായിരുന്നിടത്ത് ഇപ്പോൾ മൂന്നോ നാലോ ആയി ചുരുങ്ങിയത് നമ്മുടെ സാമ്പത്തിക വളർച്ചയുടെ ഭാഗമായി കാണാവുന്നതാണ്.

**വിവാഹസഹായം :** ഈ വർഷം വിവാഹ സഹായ പദ്ധതിയിൽനിന്ന് 16 പെൺകുട്ടികൾക്കായി 1,60,000 രൂപ വിതരണം ചെയ്തിട്ടുണ്ട്. 2 ലക്ഷം രൂപയാണ് ഈ ഇനത്തിൽ മഹല്ല് ബഡ്ജറ്റ് വകയിരുത്തിയിരുന്നത്.

**സമൂഹ വിവാഹം :** 2001 ൽ ആരംഭിച്ച് മഹല്ലിന്റെ രണ്ടാംഘട്ട സമൂഹവിവാഹ പദ്ധതി 14-ാം വർഷത്തിലേയ്ക്ക് കടക്കുകയാണ്. സർവ്വശക്തന്റെ അപാരമായ കൃപയുടെ ഫലമായി കഴിഞ്ഞ 13 വർഷമായി 121 പെൺകുട്ടികളുടെ വിവാഹങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി നടത്തുവാൻ നമുക്കായിട്ടുണ്ട്. സാമ്പത്തികമായി തീരെ അവശത അനുഭവിക്കുന്ന, പ്രായാധിക്യമുള്ള കുട്ടികളെയാണ് സമൂഹവിവാഹത്തിനുവേണ്ടി നാം പരിഗണിച്ചുവരുന്നത്. 2008ലെ അപേക്ഷകളിൽ ഇനിയും വിവാഹം നടക്കാത്ത കുട്ടികളുടെ വിവാഹങ്ങളാണ് ഇപ്പോൾ നടന്നുവരുന്നത്. ടി അപേക്ഷകൾ അവസാനിക്കുന്ന മുറയ്ക്ക് പുതിയ അപേക്ഷകൾ ക്ഷണിക്കുന്നതായിരിക്കും.

നമ്മുടെ സാമ്പത്തിക ചുറ്റപാടിൽ നിന്നുകൊണ്ട് 14 വർഷത്തിനിടയിൽ 121 വിവാഹങ്ങൾ നടത്തിയെന്നത് മഹല്ലിന് തീർച്ചയായും അഭിമാനിക്കാവുന്ന കാര്യമാണ്. വധൂവരന്മാർക്കും അവരുടെ കുടുംബാംഗങ്ങൾക്കും യാതൊരു മനഃപ്രയാസവുമുണ്ടാകാത്ത വിധം തെരഞ്ഞെടുക്കപ്പെട്ട വധുവിന്റെ വീട്ടിൽ ആഭരണമെത്തിച്ച് നൽകുന്നു. പ്രശസ്തിയേക്കാളും വാർത്താ പ്രാധാന്യത്തെക്കാളുമുപരി നമ്മുടെ മഹല്ലിലെ ഒരു കുടുംബത്തിന്റെയെങ്കിലും ഭാരം ഇറക്കി വെയ്ക്കുന്നതിന് നമുക്ക് പങ്കാളികളാകാൻ കഴിഞ്ഞത് ഒരു നേട്ടമായിതന്നെ കണക്കാക്കേണ്ടതുണ്ട്. പാകപ്പിഴവുകളില്ലാതെ പരമാവധി അർഹതപ്പെട്ടവരുടെ കൈകളിൽ തന്നെ ഇതിന്റെ ഗുണം എത്തിക്കാൻ കമ്മറ്റി ആവുന്നത്ര ശ്രമിച്ചിട്ടുണ്ട്. പുതിയ അപേക്ഷകരും, 25 വയസ്സിൽ താഴെ പ്രായമുള്ള സാമ്പത്തിക പ്രതിസന്ധിയുള്ള കുടുംബങ്ങളും പല സമയങ്ങളിലും സമൂഹ വിവാഹപദ്ധതിയിലെ സഹായത്തിനായി മഹല്ല് കമ്മിറ്റിയെ സമീപിച്ചിരുന്നെങ്കിലും നാം നിസ്സഹായരായിരുന്നു. അവർക്ക് കാര്യങ്ങൾ ബോധ്യപ്പെടുമെന്ന പ്രതീക്ഷ കമ്മറ്റിയ്ക്കുണ്ട്. സമൂഹവിവാഹ ഫണ്ടിൽ നിന്നും മഹല്ലിന്റെ നിർമ്മാണപ്രവർത്തനങ്ങൾക്ക് പണം കടമെടുത്തിട്ടുണ്ടെങ്കിലും സമൂഹവിവാഹാപേക്ഷകരുടെ വിവാഹങ്ങൾക്ക് യാതൊരുവിധ തടസ്സങ്ങളുമുണ്ടായിട്ടില്ല. സമൂഹ വിവാഹ നടത്തിപ്പിന്റെ മുഴുവൻ തീരുമാനങ്ങളും അപേക്ഷകരുടെ യോഗമാണ് കൈക്കൊള്ളുന്നതെന്ന പ്രത്യേകതയും ഈ പദ്ധതിക്കുണ്ട്. പ്രായാധിക്യം മൂലം പല അപേക്ഷകർക്കും വരനെ ലഭിക്കാത്ത സാഹചര്യം കമ്മറ്റിക്ക് ബോധ്യമുള്ളത് അംഗങ്ങളുമായി പങ്കുവെയ്ക്കട്ടെ. ജീവിതദുരിതങ്ങളിൽ താങ്ങും തണലുമില്ലാത്ത നിരവധി സഹോദരിമാർ നമുക്ക് ചുറ്റും ഇപ്പോഴുമുണ്ടെന്നും അവരെ സഹായിക്കേണ്ട സമൂഹ്യബാധ്യത ഓരോ മഹല്ല് അംഗത്തിനുമുണ്ടെന്നും ഓർമ്മപ്പെടുത്തുന്നു. അവശേഷിക്കുന്ന അപേക്ഷകർക്കായി മഹല്ല്കമ്മറ്റി പത്രപരസ്യം നൽകിയിരുന്നുവെങ്കിലും പ്രതീക്ഷിച്ച ഫലം അതിനും ലഭിച്ചില്ല. കൂടാതെ പല വിവാഹ ഏജൻസികളെയും ടി കാര്യം കമ്മറ്റിയെ ഏൽപ്പിച്ചിട്ടുണ്ട്.

**വിവാഹസെസ്സ് :** സമൂഹവിവാഹഫണ്ടിലേയ്ക്ക് മുതൽകൂട്ടുന്നതിനാണ് മഹല്ല് കമ്മിറ്റി വിവാഹ സെസ്സ് ഏർപ്പെടുത്തിയിട്ടുള്ളത് മഹല്ലിന്റെ സാമ്പത്തിക ഭദ്രതയുള്ള കുടുംബങ്ങളിൽ നടക്കുന്ന വിവാഹങ്ങളിൽ നിന്നാണ് കമ്മിറ്റി സെസ്സ് പിരിയ്ക്കുന്നത്. നിർഭാഗ്യവശാൽ മുൻവർഷങ്ങളേക്കാൾ കുറഞ്ഞ സംഖ്യയാണ് റിപ്പോർട്ട് വർഷത്തിൽ സെസ് ഇനത്തിൽ പിരിഞ്ഞുകിട്ടിയത്. പ്രാപ്തരായവരിൽ നിന്നും സെസ്സ് ഈടാക്കാൻ കമ്മിറ്റി ആവശ്യമായ സമ്മർദ്ദങ്ങൾ ചെലുത്തുന്നുണ്ടെങ്കിലും അത്തരം കാര്യങ്ങളുടെ മാനുഷിക മുഖം പരിഗണിക്കാനുള്ള മാനസികാവസ്ഥ പലർക്കും ഇല്ലാതിരുന്നത് പ്രയാസകരമാണ്. 2013-2014 വർഷം മഹല്ലിൽ നടന്നത് 118 വിവാഹങ്ങളാണ്. ഇതിൽ കുറച്ചെങ്കിലും ആളുകൾ സെസ്സ് തരുവാൻ കഴിവുള്ളവരായിരുന്നിട്ടും ആയതിനുള്ള പ്രതികരണം നിരാശ്ശാജനകമായിരുന്നു. ഒരു വർഷംകൊണ്ട് പിരിച്ചെടുക്കുന്ന വിവാഹസെസ്സ് ഉപയോഗിച്ച് കുറഞ്ഞത് ഒരു കുട്ടിയുടേയെങ്കിലും വിവാഹം നടത്തണമെന്നതായിരുന്നു കമ്മിറ്റിയുടെ പ്രതീക്ഷ. വിവാഹസെസ്സും, വെള്ളിയാഴ്ച നടത്തുന്ന ബക്കറ്റ് കളക്ഷനും, ഉദാരമതികളുടെ സംഭാവനകളും മറ്റും ഉപയോഗിച്ചാണ് സമൂഹവിവാഹം നടത്തികൊണ്ടുപോകുന്നത്. കൂടാതെ സക്കാത്ത് ഫണ്ടിന്റെ ബാലൻസും, വുളുഹിയത്തിലെ എല്ല്, തുകൽ വില്പ്പനയിലെ സംഖ്യയും, സമൂഹവിവാഹത്തിന് ഉപയോഗപ്പെടുത്തുന്നു. സംഭാവനയിനത്തിൽ ലഭിക്കുന്ന ഗണ്യമായ സംഖ്യയാണ് പ്രധാനമായും സമൂഹവിവാഹത്തിന്റെ വിജയത്തിന് കാരണം. പ്രവാസികളായ, ഇതര മഹല്ല് അംഗങ്ങളായ സഹോദരങ്ങളാണ് നമ്മെ ഇക്കാര്യത്തിൽ ഏറ്റവും കൂടുതൽ സഹായിക്കുന്നത്. അല്ലാഹു അവർക്ക് അർഹമായ പ്രതിഫലം നൽകട്ടെയെന്നും പ്രതിസന്ധികൾ തരണം ചെയ്യാനുള്ള അനുഗ്രഹം നൽകട്ടെയെന്നും ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു.

**വിദ്യാഭ്യാസം :** ദീനി വിദ്യാഭ്യാസത്തിന്റെ പുരോഗതിയ്ക്ക് മഹല്ല് നിർലോഭമായ പ്രോത്സാഹനം നൽകാൻ മഹല്ല് കമ്മറ്റി അതീവ ശ്രദ്ധചെലുത്തിയിട്ടുണ്ട്. കുടുംബങ്ങളുടെ ഭാവിയും ഭദ്രതയും ദീനീബോധമുള്ള ഒരു തലമുറയിലൂടെ മാത്രമെ നിലനിൽക്കൂ എന്ന വ്യക്തമായ അവബോധം മഹല്ല് കമ്മറ്റിയ്ക്കുണ്ട്. അതുകൊണ്ടുതന്നെ മറ്റെന്തിനേക്കാളും ഉപരിഅതിന് പ്രഥമസ്ഥാനം നൽകിവരുന്നുണ്ട്. മദ്രസ്സകളുടെ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിനും അതിന്റെ ദൈനംദിന കാര്യങ്ങൾ ശ്രദ്ധിക്കുന്നതിനും, അതാത് പ്രദേശത്തെ അഡ്വൈസറി കമ്മറ്റികളുടെ പ്രവർത്തനം നിർണ്ണായക പങ്കുവഹിക്കുന്നുണ്ട്. അദ്ധ്യാപക രക്ഷകർതൃകൂട്ടായ്മയാണ് മദ്രസ്സകളുടെ പ്രവർത്തന വിജയം, എന്നതിനാൽ കൃത്യമായ രക്ഷകർതൃയോഗങ്ങൾ വിളിച്ചുചേർത്ത് ഓരോ മദ്രസ്സയെ സംബന്ധിച്ചുമുള്ള അവലോകനങ്ങൾ നടത്തിവരുന്നുണ്ട്. മാസം തോറും ഓരോ മദ്രസ്സയിലും അഡ്വൈസറി കമ്മറ്റി യോഗങ്ങൾ വിളിച്ചുകൂട്ടുകയും എല്ലാ അഡ്വൈസറി കമ്മറ്റി അംഗങ്ങളുടെയും സംയുക്ത യോഗം മൂന്ന് മാസം കൂടുമ്പോൾ മഹല്ല് കമ്മിറ്റി വിളിച്ചുചേർക്കുകയും ചെയ്യുന്നുണ്ട്. അതാത് പ്രദേശത്തെ മഹല്ല് കമ്മിറ്റി അംഗങ്ങൾ പ്രസിഡന്റായിട്ടുള്ള മദ്രസ്സ അഡ്വൈസറി കമ്മറ്റികളുടെ സെക്രട്ടറിയുടെ ചുമതല വഹിക്കുന്നത് മദ്രസ്സകളിലെ സദർ മുഅല്ലിമീങ്ങളാണ്. 363 കുട്ടികൾ പഠിക്കുന്ന നമ്മുടെ മദ്രസ്സകളിൽ എല്ലാവിധ സൗകര്യങ്ങളും ചെയ്തുകൊടുക്കാൻ കമ്മിറ്റി ശ്രദ്ധിയ്ക്കുന്നുണ്ട്. എന്നിട്ടും, കുട്ടികൾ മദ്രസ്സകളിൽ എത്താതിരിക്കുന്നത് നാം ചർച്ച ചെയ്തിട്ടുള്ളതും, അഡ്വൈസറി കമ്മിറ്റി അംഗങ്ങൾ ഓരോ വീടുകളും സന്ദർശിച്ച് കുട്ടികളെ മദ്രസ്സകളിൽ എത്തിയ്ക്കുന്നതിന് ശ്രമം നടത്തിവരുന്നുമുണ്ട്. മഹല്ലും പള്ളിയുമായി യാതൊരു ബന്ധങ്ങളുമില്ലാത്ത ഒട്ടനവധി കുടുംബങ്ങൾ ഇപ്പോഴും നമ്മുടെ മഹല്ലിൽ ഉള്ളതിനാൽ കുട്ടികളെ മദ്രസ്സയിൽ ചേർക്കുന്നതിനുള്ള തിയ്യതി മുതലായവ യഥാസമയങ്ങളിൽ അറിയാറില്ല. അതിനുള്ള ശ്രമങ്ങളും നടക്കാറില്ല. ആയതിന്ന് മാറ്റം ഉണ്ടാക്കുവാൻ ഈ വർഷത്തെ മദ്രസ്സാ അദ്ധ്യായനം ആരംഭിച്ചത് വിപുലമായ പ്രവേശനോത്സവത്തോടെയായിരുന്നു. ജനങ്ങളുടെ ശ്രദ്ധ ആകർഷിക്കത്തക്കവിധത്തിൽ മദ്രസ്സയും കവാടവും അലങ്കരിക്കുവാനും പ്രദേശത്തെ 5 വയസ്സായ കുട്ടികളുടെ കണക്കെടുത്ത് അവരെ മദ്രസ്സകളിൽ എത്തിക്കുന്നതിന് രക്ഷകർത്താക്കളെ പ്രേരിപ്പിച്ചും നിർബന്ധിച്ചും അഡ്വൈസറി കമ്മിറ്റി മാതൃകാപരമായപ്രവർത്തനം നടത്തിയിട്ടുണ്ട്. എൽതുരുത്ത്, ശൃംഗപുരം, ഉണ്ടേക്കടവ് തുടങ്ങിയ പ്രദേശങ്ങളിൽ നിന്ന് തബ്ശീറുൽ ഇസ്ലാം മദ്രസ്സയിൽ പഠനത്തിന് വരുന്ന കുട്ടികൾക്ക് യാത്രാക്ലേശമുള്ളതിനാലും തിരക്കുപിടിച്ച എൻ.എച്ച്. - 17 മുറിച്ചുകടക്കാൻ കുട്ടികൾക്ക് ബുദ്ധിമുട്ടുള്ളതിനാലും അഡ്വൈസറി കമ്മറ്റിയുടെയും രക്ഷകർതൃയോഗത്തിന്റെയും ശുപാർശയുടെ അടിസ്ഥാനത്തിൽ കുട്ടികളെ മദ്രസ്സയിൽ കൊണ്ടുവരുന്നതിന് മഹല്ല് കമ്മറ്റി വാഹനസൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. മദ്രസ്സയിൽ അദ്ധ്യാപകരുടെ കുറവ് അതാത് സമയങ്ങളിൽ പരിഹരിച്ച് പോന്നിട്ടുണ്ട്. ഇപ്പോൾ നമ്മുടെ മഹല്ലിലെ ഓരോ മദ്രസ്സകളിലും രണ്ടും അതിലധികവും അദ്ധ്യാപകർ ജോലി ചെയ്യുന്നുണ്ട്. കുട്ടികളുടെ പഠനനിലവാരത്തിൽ കാര്യമായ മാറ്റം മദ്രസ്സകളിൽ ഉണ്ടായിട്ടുണ്ട് എന്നതും ഈ കാലഘട്ടത്തിലെ പ്രത്യേകയാണ്. 5, 7 ക്ലാസ്സുകളിലേക്ക് നടന്ന പൊതുപരീക്ഷയിൽ നമ്മുടെ മദ്രസ്സകളിലെ 98.5% വിദ്യാർത്ഥികളും വിജയം നേടിയിട്ടുണ്ട്. കലാരംഗങ്ങളിലും തങ്ങളുടേതായ മികവ് തെളിയിച്ച മദ്രസ്സ വിദ്യാർത്ഥികൾ കഴിഞ്ഞ മീലാദാഘോഷത്തിൽ റേഞ്ച് തല കലാമത്സരങ്ങളിൽ മികച്ച പ്രകടനത്തോടെ നിരവധി സമ്മാനങ്ങൾ നേടിയിട്ടുണ്ട്. മദ്രസ്സകളുടെ പുരോഗതിയ്ക്കും ദീനി വിദ്യാഭ്യാസത്തിനും വേണ്ടി അധ്യാപകരും അഡ്വൈസറി കമ്മറ്റിയും മഹല്ല് കമ്മറ്റിയും നിതാന്ത ജാഗ്രതയോടെ പ്രവൃത്തിക്കുന്നുണ്ടെന്നാണ് ഞങ്ങളുടെ വിശ്വാസം. മദ്രസ്സകൾക്കാവശ്യമായ ഭൗതിക സാഹചര്യങ്ങളും പ്രാപ്തവും പരിചയസമ്പന്നവുമായ അധ്യാപക സമ്പത്തും നമ്മുടെ മഹല്ലിനുണ്ട് എന്നിരുന്നാലും, ഈ

സൗകര്യങ്ങൾക്കനുസരിച്ചുള്ള പുരോഗതി നാം കൈവരിച്ചിട്ടില്ലെന്ന സ്വയം വിമർശനത്തോടെയും ഞങ്ങൾ വിലയിരുത്തുന്നു. മദ്രസ്സകളിൽ യഥാസമയം കുട്ടികൾ എത്താതിരിക്കുന്നതും വൈകിയുള്ള വരവും കുട്ടികളുടെ കൊഴിഞ്ഞുപോക്കുമെല്ലാം നമ്മുടെ ദൗർബ്ബല്യമായി തുടരുകയാണ്. ധാരാളം കുട്ടികളുള്ള ഒരു സെക്കന്ററി മദ്രസ്സ നമ്മുടെ മഹല്ലിൽ പ്രവർത്തിക്കണമെന്നത് സ്വപ്നമായിതന്നെ അവശേഷിക്കുകയാണ്. മഹല്ല് കമ്മിറ്റിയോടൊപ്പമോ അതിനേക്കാൾ ഏറെയോ തന്റെ കുട്ടിയുടെ ദീനീ പുരോഗതിയിൽ ഓരോ രക്ഷിതാവും ആവുന്നത്ര ശ്രദ്ധചെലുത്തിയാൽ നമ്മുടെ ആഗ്രഹങ്ങൾ അല്ലാഹു സഫലീകരിച്ചുതരുമെന്നതിൽ സംശയമില്ല.

ദീനീബോധമുള്ള ഒരു തലമുറയ്ക്കേ അത്യന്തികമായി കുടുംബത്തോടും സമൂഹത്തോടും നീതിയോടെ പ്രവർത്തിക്കാനും, സാമൂഹ്യതിന്മകളിൽ നിന്ന് അകന്ന് നിൽക്കുവാനും കഴിയൂ എന്നത് വൈകിയവേളയിൽ ആണെങ്കിൽ പോലും നാം തിരിച്ചറിയേണ്ടതുണ്ട്. ഏറ്റവും നല്ല വിജയശതമാനമുള്ള മദ്രസ്സയ്ക്ക് മഹല്ല് കമ്മിറ്റി ഏർപ്പെടുത്തിയ അവാർഡ് ഈ വർഷം മസ്ജിദുന്നൂർ & മദ്രസ്സ, വി.പി. തുരുത്തിനാണ് ലഭിച്ചിട്ടുള്ളത്.

**സൺഡേ ക്ലാസ് :** മദ്രസ്സാപഠനം പൂർത്തീകരിക്കുവാൻ കഴിയാതിരുന്ന കുട്ടികൾക്ക് ദീനിന്റെ അടിസ്ഥാനകാര്യങ്ങൾ പഠിപ്പിക്കുന്നതിനായി മഹല്ലിൽ ആരംഭിച്ച ഞായറാഴ്ച മദ്രസ്സാ ക്ലാസ്സുകൾ ക്രമം തെറ്റാതെ നടന്നുവരുന്നുണ്ട്. എസ്.എസ്.എൽ.സി. മുതലുള്ള ആൺകുട്ടികളും പെൺകുട്ടികളും ഈ ക്ലാസ്സിൽ സ്ഥിരമായി പങ്കെടുക്കുന്നുണ്ട്. അവധിക്കാലങ്ങളിൽ എല്ലാ ദിവസവും ഈ ക്ലാസ് ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. ദൂരെ നിന്നും വരുന്ന കുട്ടികൾക്കായി ഓരോ പ്രദേശത്തും സൗജന്യ വാഹനസൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. മഹല്ല് ഇമാമുമാർ കൈകാര്യം ചെയ്യുന്ന സൺഡേ & വെക്കേഷൻ ക്ലാസ്സുകളിൽ കുട്ടികൾ സജീവമായി പങ്കെടുത്തുവെന്നത് ആഹ്ലാദകരമാണ്. ഈ കുട്ടികളിൽ സാമ്പത്തിക ബുദ്ധിമുട്ടുള്ളവർക്ക് പഠന പ്രോത്സാഹനം എന്ന നിലയിൽ സ്കോളർഷിപ്പും വിതരണം ചെയ്തുവരുന്നുണ്ട്. ഈ വർഷം മുതൽ സൺഡേ മദ്രസ്സയിൽ മുടങ്ങാതെ വരുന്ന കുട്ടികൾക്ക് പ്രത്യേക പ്രത്സോഹന സമ്മാനം ഏർപ്പെടുത്താൻ മഹല്ല് കമ്മറ്റി ആലോചിച്ച് വരുന്നുണ്ട്. ദീനി വിദ്യാഭ്യാസത്തിന്റെ പോരായ്മകൾ നികത്താനും കൂടുതൽ കാര്യങ്ങൾ ചെയ്യാനും മഹല്ല് കമ്മറ്റി അതീവ ശുഷ്കാന്തിയോടെ പ്രവർത്തിച്ചുവരുന്നുണ്ടെന്നാണ് ഞങ്ങളുടെ വിശ്വാസം.

**ഖുർആൻ പഠനക്ലാസ്സുകൾ :** മഹല്ലിലെ മദ്രസ്സകൾ കേന്ദ്രീകരിച്ച് മാസത്തിൽ 2 വീതം ദിവസങ്ങളിൽ വർഷങ്ങളായി നടന്നുവരുന്ന ഖുർആൻ പഠനക്ലാസ്സുകൾ റിപ്പോർട്ട് വർഷത്തിലും കൂടുതൽ ഭംഗിയായി നടന്നിട്ടുണ്ട്. മഹല്ല് ഇമാം നടത്തുന്ന ക്ലാസ്സിൽ സ്ത്രീകളാണ് കൂടുതലായി പങ്കെടുക്കുന്നത്. മഹല്ല് ഇമാമിന്റെ ക്ലാസിന് പുറമെ അഞ്ചപ്പാലം ലോകമലേശ്വരം മദ്രസ്സകളിലെ ഇമാമുമാർ നടത്തുന്ന പ്രതിവാര ക്ലാസ്സുകളും ഈ രണ്ടു മദ്രസ്സകളിലും നടന്നുവരുന്നു. എല്ലാ പ്രദേശങ്ങളിലും മതിയായ പ്രാതിനിധ്യം മഹല്ല് അംഗങ്ങളിൽ നിന്ന് ഖുർആൻ ക്ലാസ്സുകളിൽ ഉണ്ടാകുന്നില്ല എന്ന വിമർശനവും മഹല്ല് കമ്മിറ്റിയ്ക്കുണ്ട്. കൃത്യമായി ദിവസങ്ങളിൽ നോട്ടീസുകളോ അറിയിപ്പുകളോ ഇല്ലാതെ ഖുർആൻ ക്ലാസ്സുകളിൽ അംഗങ്ങൾ കൂട്ടത്തോടെ പങ്കെടുക്കുമ്പോഴാണ് അത് കൂടുതൽ ജീവസ്സുറ്റതാകുന്നത്. പകരം പലയിടങ്ങളിലും എല്ലാ ക്ലാസ്സുകൾക്കും നേരിൽ ചെന്ന് ക്ഷണിക്കണമെന്ന അവസ്ഥ നിലവിലുണ്ട്. തബ്ശീറുൽ ഇസ്ലാം മദ്രസ്സയിൽ തികഞ്ഞ പരാജയമായിരുന്ന ഖുർആൻ ക്ലാസ് ഇപ്പോൾ ഭംഗിയായി പുരോഗമിക്കുന്നുണ്ട്. പരിസരവാസികളായ സ്ത്രീകൾ ഏറെ താല്പര്യത്തോടുകൂടിതന്നെ ക്ലാസ്സിൽ എത്തിച്ചേരുന്നുണ്ട്. ഇവിടെ ഖുർആൻ പഠനക്ലാസ് ആരംഭിക്കുന്നതിനും പരിസരവാസികളായ ചെറുപ്പക്കാരും പൂർവ്വവിദ്യാർത്ഥികളും അഡ്വൈസറി കമ്മിറ്റിയും വഹിച്ച പങ്ക് നിസ്തുലമാണ്. രക്ഷകർതൃയോഗങ്ങൾപോലും വിളിച്ചാൽ കൂടാതിരുന്ന ഈ മദ്രസ്സ

ഇപ്പോൾ കൂടുതൽ നല്ല നിലവാരത്തിലേക്കെത്തിയതിൽ സർവ്വശക്തനോട് നന്ദി പറയുന്നു. ആയതിനുവേണ്ടി നിരന്തരം പരിശ്രമിച്ചവർക്ക് അർഹമായ പ്രതിഫലം ലഭിക്കട്ടെയെന്ന് ദുആ ചെയ്യുന്നു.

മഹല്ല് അംഗങ്ങളായ കുട്ടികൾ വിവിധ ദീനീ പഠനകേന്ദ്രങ്ങളിൽ ഖുർആൻ ഹിഫ്ള് തുടങ്ങിയ വിവിധ കോഴ്സുകൾ പഠിക്കുന്നുണ്ട്. ഇവരുടെ പഠനത്തിന് ആവശ്യമായ സാമ്പത്തിക സഹായങ്ങളും മഹല്ല് കമ്മിറ്റി ചെയ്തുവരുന്നുണ്ട്. ദീൻ പഠിക്കുന്നതിന് ആവശ്യമായ സാഹചര്യങ്ങൾ ഒരുക്കുക എന്നത് മഹല്ല് കമ്മിറ്റിയുടെ അടിസ്ഥാനധർമ്മമായാണ് ഞങ്ങൾ കരുതുന്നത്. ദീനിപഠനത്തിന് ഞങ്ങൾക്ക് ലഭിച്ച ഉപദേശങ്ങളും, നിർദ്ദേശങ്ങളും ഞങ്ങൾ വീഴ്ചകൂടാതെ നടപ്പിലാക്കിയിട്ടുണ്ട്. എന്നിട്ടും എവിടെയൊക്കെയോ പോരായ്മകളുള്ളതായി ഞങ്ങൾ മനസ്സിലാക്കുന്നു. സാധാരണക്കാരുടെ മക്കൾ ഒട്ടുമിക്കവരും മദ്രസ്സകളിൽ എത്തിച്ചേരുന്നുണ്ട്. എന്നാൽ, സാമ്പത്തിക ശേഷിയുള്ള കുടുംബങ്ങളിലെ കുട്ടികൾ മദ്രസ്സകളിൽ എത്താതെ അവരുടെ സ്കൂളുകളിൽ നിന്ന് ലഭിക്കുന്ന ഖുർആൻ പഠനംകൊണ്ട് തൃപ്തരാകേണ്ടിവരുന്നുണ്ട്. ഒരു മദ്രസ്സയിൽ നിന്നും ലഭിക്കുന്ന ശിക്ഷണം പോലെ കുട്ടികൾക്കാവശ്യമായ ദീനീപഠനം ഇത്തരം സ്കൂളുകളിൽ നിന്ന് ലഭിക്കുന്നുണ്ടോയെന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. നമ്മുടെ മദ്രസ്സകൾ സജീവമാകണം, നമ്മുടെ മക്കൾ ദീൻ പഠിക്കണം, അവർ സമൂഹത്തിന്റെ വെളിച്ചവും മാതൃകയുമാകണം. ആയതിനുള്ള ഏത് നിർദ്ദേശങ്ങളും അഭിപ്രായങ്ങളും തുറന്ന മനസ്സോടെ ചർച്ച ചെയ്യാനും മഹല്ലിന്റെ സാമ്പത്തിക ശേഷി അതിനുവേണ്ടി ഉപയോഗിക്കുവാനും നാം ഒരുക്കമാണ്. മദ്രസ്സാപ്രവർത്തനങ്ങളുടെ പോരായ്മകൾ ചർച്ച ചെയ്ത് പരിഹരിക്കാൻ അഡ്വൈസറി കമ്മിറ്റികളെ പ്രാപ്തമാക്കിയതിനൊപ്പം, മദ്രസ്സാ പ്രവർത്തനങ്ങളെ കുറിച്ച് അധ്യാപകരുടെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ചർച്ച ചെയ്യാൻ ജീവനക്കാരുടെ പ്രതിമാസ യോഗങ്ങളും നടന്നുവരുന്നുണ്ട്. കഴിഞ്ഞ 8 വർഷമായി മുടങ്ങാതെ നടന്നുവരുന്ന ഈ അവലോകനയോഗങ്ങൾ മദ്രസ്സാ പ്രവർത്തനങ്ങളുടെ സമസ്ത കാര്യങ്ങളും ചർച്ച ചെയ്ത് പരിഹാരം കണ്ടെത്തുന്നുണ്ട്. എന്നിട്ടും മറ്റേതൊരു മഹല്ലിനേക്കാളും ഈ രംഗത്ത് നാം പുറകിലായിപ്പോയതായി സംശയിക്കേണ്ടിയിരിക്കുന്നു. സർവ്വശക്തൻ നമ്മുടെ ശ്രമങ്ങൾക്ക് വിജയം നൽകുമെന്ന് പ്രതീക്ഷിക്കാം.

**വിദ്യാഭ്യാസ സ്കോളർഷിപ്പ്** : +1 മുതൽ വിവിധ കോഴ്സുകൾക്ക് പഠിക്കുന്ന മഹല്ല് അംഗങ്ങളായിട്ടുള്ള കുട്ടികൾക്ക് പ്രതിമാസ വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ മുൻവർഷങ്ങളിലെപ്പോലെ മഹല്ലിൽ നിന്നും നൽകിവരുന്നുണ്ട് എഞ്ചിനീയറിംഗ് മെഡിക്കൽ തുടങ്ങിയ പ്രൊഫഷണൽ കോഴ്സുകൾ പഠിക്കുന്നവർക്കും മഹല്ലിന്റെ സഹായം ലഭ്യമാക്കിവരുന്നുണ്ട്. 5–ാം ക്ലാസ് മുതൽ 10–ാം വരെയുള്ള കുട്ടികൾക്ക് സൗജന്യമായി നോട്ടുപുസ്തകങ്ങൾ വിതരണം ചെയ്തുവരുന്നുണ്ട്. നമ്മുടെ മഹല്ലിൽ നിന്നും കഴിഞ്ഞ വർഷം എസ്.എസ്.എൽ.സി., +2, ഡിഗ്രി തുടങ്ങിയ കോഴ്സുകൾക്ക് ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ അവാർഡുകളും വിതരണം ചെയ്തിട്ടുണ്ട്. വിദ്യാഭ്യാസ സ്കോളർഷിപ്പ് കൈപ്പറ്റുന്ന കുട്ടികൾ മഹല്ലിന്റെ സൺഡേ മദ്രസ്സയിൽ പങ്കെടുക്കണമെന്ന തീരുമാനം മഹല്ല് കമ്മറ്റി എടുത്തിട്ടുള്ളതും ആയത് കർശനമായി നടപ്പിലാക്കിയിട്ടുമുണ്ട്. മഹല്ലിന്റെ വാർഷിക ബഡ്ജറ്റിൽ 2 ലക്ഷം രൂപയാണ് വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് നീക്കിവെച്ചിട്ടുള്ളത്. സാമ്പത്തികമായി പുറകിലുള്ള കുടുംബങ്ങളിലെ മക്കൾ പഠനത്തിൽ പുറകിലാകരുതെന്നും അവരുടെ അവസരങ്ങൾ നഷ്ടപ്പെട്ടുപോകരുതെന്നുമാണ് മഹല്ല് പൊതുയോഗം തീരുമാനിച്ചിട്ടുള്ളത്. അതുകൊണ്ട് തന്നെ വിദ്യാഭ്യാസഫണ്ട് കൂടുതൽ വകയിരുത്തേണ്ടതുണ്ട്. മഹല്ലിന്റെ സഹായം വാങ്ങി പഠനം പൂർത്തീകരിക്കുന്ന കുട്ടികൾക്കും അവരുടെ രക്ഷിതാക്കൾക്കും മഹല്ലിനോടും അതിന്റെ പ്രവർത്തങ്ങളോടും കൂടുതൽ പ്രതിബദ്ധതയുണ്ടാകേണ്ടതുണ്ട്. മഹല്ലിന്റെ പണം

ഉപയോഗിച്ചാണ് തങ്ങൾ പഠിക്കുന്നതെന്ന തിരിച്ചറിവും അവർക്കുണ്ടാകണം. അത് ഈ മഹല്ലിന് കൂടുതൽ മുതൽകൂട്ടാകുന്നതിന് ഓരോരുത്തരും ശ്രദ്ധിക്കേണ്ടതാണ്.

**മദ്രസ്സ ട്യൂഷൻ :** കേന്ദ്ര ഗവൺമെന്റിന്റെ SPQEM പദ്ധതി പ്രകാരം, മദ്രസ്സാ വിദ്യാർത്ഥികൾക്ക് സ്കൂൾ വിഷയങ്ങളിൽ നൽകി വരുന്ന ട്യൂഷൻ ഈ റിപ്പോർട്ട് വർഷത്തിലും നടന്നിട്ടുണ്ട്. 7,56,000 രൂപയാണ് ഗ്രാന്റിനത്തിൽ മഹല്ലിന് ലഭിച്ചത്. എന്നാൽ ടി സംഖ്യ 2011-2012 അദ്ധ്യായനവർഷത്തിലേതായിരുന്നു. സർക്കാർ ഫണ്ടുകൾ യഥാസമയം ലഭിക്കാതിരുന്നിട്ടും സാമ്പത്തിക ബുദ്ധിമുട്ടുകൾക്കിടയിലും മഹല്ല് ഫണ്ട് ഉപയോഗിച്ചാണ് ട്യൂഷൻ വീഴ്ച കൂടാതെ മഹല്ല് കമ്മറ്റി നടത്തിവരുന്നത്. ഗവൺമെന്റ് നിഷ്ക്കർഷിക്കുന്ന വിധം സർക്കാർ ഗ്രാന്റ് ഉപയോഗിച്ച് ട്യൂഷൻ നടത്തുന്ന അപൂർവ്വം സ്ഥാപനങ്ങളിലൊന്നാണ് നമ്മുടെ മദ്രസ്സകൾ. നമ്മുടെ ട്യൂഷൻ ക്ലാസ്സിൽ കഴിഞ്ഞ അദ്ധ്യായന വർഷാരംഭം 188 കുട്ടികളാണ് പഠിതാക്കളായുണ്ടായത്. അവസാന മാസങ്ങളിൽ ഹാജർ നിലവാരം ഗണ്യമായി കുറയുകയും, പല ക്ലാസുകളിലും കുട്ടികളില്ലാത്ത അവസ്ഥ വരികയും ചെയ്തു. കുട്ടികളെ ക്ലാസിൽ എത്തിക്കുന്നതിന് വാഹനം സൗകര്യം ഏർപ്പെടുത്തിയിട്ട് പോലും അവരെ ക്ലാസ്സിൽ അയയ്ക്കാൻ രക്ഷിതാക്കൾ ശ്രദ്ധിക്കുന്നില്ല എന്നത് ഖേദകരമാണ്. പ്രാപ്തരും ദീർഘകാല സേവന പരിചയമുള്ള അദ്ധ്യാപകർ നടത്തുന്ന നമ്മുടെ ട്യൂഷൻ ക്ലാസ് സൗജന്യമായതിന്റെ പേരിൽ കുട്ടികളെ അയക്കാതിരിക്കുന്നത് നീതീകരിക്കാനാകില്ല. 2014 ലെ എസ്.എസ്.എൽ.സി. പരീക്ഷയിൽ നമ്മുടെ ട്യൂഷൻ ക്ലാസിലെ വിദ്യാർത്ഥികൾ അഭിമാനാർഹമായ വിജയമാണ് മഹല്ലിന് സമ്മാനിച്ചത്. 12 വിദ്യാർത്ഥികൾ പരീക്ഷയെഴുതുകയും, 4 പേർക്ക് 9 എ+ ഉം, 5 പേർക്ക് 7 എ+ ഉം, 2 പേർക്ക് 4 എ+ വീതവും, ഒരാൾക്ക് 2 എ+ ഉം ലഭിച്ചിട്ടുണ്ട്. സമീപപ്രദേശങ്ങളിൽ ഭീമമായ സംഖ്യ ഫീസ് വാങ്ങി പഠനം നടത്തുന്ന മറ്റു ട്യൂഷൻ സെന്ററുകളേക്കാൾ മികച്ച പഠന പരിശീലനം നമ്മുടെ ട്യൂഷൻ സെന്ററിൽ ലഭിക്കുന്നുണ്ട് എന്നതിന് മികച്ച ദൃഷ്ടാന്തമാണ് ഈ വിജയം. കൂടാതെ മഹല്ലിന്റെ സൗജന്യട്യൂഷനോട് മുഖം തിരിച്ചുനിൽക്കുന്ന രക്ഷിതാക്കൾക്കുള്ള മറുപടിയുമാണ് ഈ വിജയം.

സൗജന്യസ്കൂൾ ട്യൂഷന്റെ സാമ്പത്തിക ഭാരം മഹല്ലിന് ഇപ്പോൾ താങ്ങാവുന്നതിനുമപ്പുറമാണ്. സർക്കാർ ഫണ്ട് എന്ന് ലഭിക്കും എന്ന് നമുക്കറിയില്ല. എങ്കിലും, ഈ ട്യൂഷൻ സെന്ററിനെ ആശ്രയിച്ച് പഠനം മുന്നോട്ട് കൊണ്ടുപോകുന്ന സാധാരണക്കാരായ വിദ്യാർത്ഥികളെ പാതി വഴിയിൽ ഉപേക്ഷിക്കാനും കഴിയാത്ത അവസ്ഥയിൽ സൗജന്യ ട്യൂഷൻ പുനക്രമീകരിക്കുവാൻ കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. ആയത് പ്രകാരം 6-ാം ക്ലാസ്സ് മുതൽ 10-ാം ക്ലാസ്സ് വരെയായി ട്യൂഷൻ നടത്തുവാനും, കുട്ടികളെ കൊണ്ടുവരാനുള്ള നിലവിലുള്ള വാഹനസൗകര്യം ഒഴിവാക്കാനും തീരുമാനിച്ചിട്ടുണ്ട്. ട്യൂഷൻ തടസ്സമില്ലാതെ നടത്തുന്നതിനും, മഹല്ലിന്റെ അധിക സാമ്പത്തിക ബാധ്യത കുറയ്ക്കാനും ഈ തീരുമാനംകൊണ്ട് കഴിയുമെന്ന് കമ്മിറ്റി കരുതുന്നു. അതോടൊപ്പം ആവശ്യക്കാരായ വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഉപയോഗപ്പെടുത്തുവാനും കഴിയും. കുട്ടികളുടെ എണ്ണം നോക്കി മാത്രം മേലിൽ ട്യൂഷന്റെ ഭാവി നിശ്ചയിക്കുന്നതാവും ഉചിതമെന്ന് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. മഹല്ലിൽ സൗജന്യമായി ലഭിക്കുന്ന സേവനങ്ങളൊന്നും അംഗങ്ങൾ ഉപയോഗപ്പെടുത്താത്തതിൽ കമ്മിറ്റിക്ക് നിരാശയുണ്ട്. സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്സുകൾ, കമ്പ്യൂട്ടർ ക്ലാസ്സുകൾ, സൗജന്യ മെഡിക്കൽ ക്ലിനിക്കുകൾ തുടങ്ങിയ കാര്യങ്ങൾ സർവ്വ സജ്ജീകരണങ്ങളോടും നാം തുടങ്ങിയെങ്കിലും അതിനൊന്നും ഗുണഭോക്താക്കളില്ലാതെ മഹല്ലിന് വൻനഷ്ടം മാത്രം നൽകി അവസാനിപ്പിക്കുകയായിരുന്നു. സാമ്പത്തികമായി വളർന്ന ഒരു സമൂഹമായി നാം മാറിയതുകൊണ്ട് മാത്രമല്ല ഇത്തരത്തിൽ സംഭവിക്കുന്നത്, പകരം പള്ളിയിൽ നിന്ന് ലഭിക്കുന്ന സൗജന്യങ്ങൾ സ്വീകരിക്കുന്നതിലെ ചിലമനസ്സുകളുടെ പോരായ്മയാണ് ഇത്തരത്തിൽ സംഭവിക്കാൻ ഇടയാകുന്നത്. കമ്പ്യൂട്ടർ ലാബും, ലൈബ്രറിയും, സയൻസ്

വിഷയങ്ങൾക്കുള്ള ലാബ് ഉപകരണങ്ങളും സജ്ജീകരിച്ചിട്ടുള്ള ഒരൊറ്റ സ്വകാര്യ ട്യൂഷൻ സെന്ററുകളും സമീപപ്രദേശത്ത് ഇല്ല എന്ന സത്യം നിലനിൽക്കെയാണ് സർവ്വ സജ്ജീകരണങ്ങളുമുള്ള നമ്മുടെ ട്യൂഷൻ ക്ലാസ്സുകൾ അംഗീകരിക്കുവാൻ രക്ഷാകർത്താക്കൾ അലംഭാവം കാണിക്കുന്നത്.

**മരണാനന്തര സഹായനിധി :** മരണാനന്തര സഹായനിധിയുടെ പ്രവർത്തനം ഈ സാമ്പത്തിക വർഷവും ഏറെ തൃപ്തികരമായി നടന്നിട്ടുണ്ട്. കഴിഞ്ഞ വർഷങ്ങളിൽ നിന്ന് വിഭിന്നമായി കൂടുതൽ സംഖ്യ ഈയിനത്തിൽ പിരിഞ്ഞുകിട്ടിയിട്ടുണ്ട്. 38 മരണങ്ങളാണ് റിപ്പോർട്ട് വർഷത്തിൽ മഹല്ലിൽ സംഭവിച്ചിട്ടുള്ളത്. മയ്യിത്ത് സംസ്കരണ സാമഗ്രികളിലെ വിലയിലുണ്ടായ വൻവർദ്ധനവ് നമുക്ക് താങ്ങാനാവാത്ത വിധത്തിലായതിനാൽ മരണാനന്തര ചെലവ് കഴിച്ച് നൽകി വരുന്ന സംഖ്യ വെട്ടിച്ചുരുക്കാൻ കമ്മിറ്റി നിർബന്ധിമായിട്ടുണ്ട്. കഴിഞ്ഞ പൊതുയോഗം മരണാനന്തര സഹായഫണ്ട് 6000 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. ചെലവിൽ വൻവർദ്ധനവ് ഉണ്ടായിട്ടുപോലും മയ്യിത്ത് പരിപാലനാവശ്യത്തിന്റെ ഒരു ചെലവും ബന്ധപ്പെട്ട കുടുംബങ്ങൾ വഹിക്കേണ്ടി വന്നിട്ടില്ല എന്നതും ശ്രദ്ധേയമാണ്. 10 വർഷങ്ങൾക്കുമുമ്പാണ് ഒരു മരണത്തിന് 5 രൂപ പ്രകാരം ഓരോ കുടുംബവും അടയ്ക്കണമെന്ന് നാം തീരുമാനിച്ചിരുന്നത്. നമ്മുടെ മരണാനന്തര സഹായനിധിയുടെ പ്രവർത്തനങ്ങൾ ഈകാലയളവിൽ മറ്റു മഹല്ലുകളിൽ കൂടുതൽ സ്വീകാര്യത കൈവന്നിട്ടുള്ളതും നാളിതുവരെ പാളിച്ചകളില്ലാതെ നാം നടപ്പിലാക്കിവരുന്നതുമാണ്.

**വരിസംഖ്യ :** മഹല്ലിന്റെ വാർഷിക വരിസംഖ്യ 2013 വർഷം മുതൽ 300 രൂപയായി വർദ്ധിപ്പിക്കുന്നതിന് മഹല്ല് പൊതുയോഗം തീരുമാനിച്ചിട്ടുള്ളതാണ്. വാർഷിക വരിസംഖ്യ, മരണാനന്തര സഹായനിധി എന്നിവയിൽ അംഗങ്ങൾ കുടിശ്ശിക വരുത്താതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. കുടുംബങ്ങളിൽ ആവശ്യങ്ങൾ ഉണ്ടാകുമ്പോൾ മാത്രം ഓഫീസിനെ സമീപിക്കുന്നവർക്ക് വലിയൊരു തുക കുടിശ്ശിക ഇനത്തിൽ അടയ്ക്കേണ്ടിവരുന്നുണ്ട്. കുടിശ്ശിക അടയ്ക്കുന്നത് സംബന്ധിച്ച് കമ്മിറ്റി, മഹല്ല് അംഗങ്ങൾക്ക് കാലാകാലങ്ങളിൽ നോട്ടീസ് എത്തിക്കുന്നതും അതാത് കാലത്തെ പൊതുയോഗ നോട്ടീസുകളിലൂടെ കാര്യങ്ങൾ ബോധ്യപ്പെടുത്തിവരുന്നുമുണ്ട്. വാർഷിക വരിസംഖ്യ 300 രൂപയായി നിശ്ചയിച്ചിട്ടുള്ളത് പ്രതിമാസ ഗഡുക്കളായി അടയ്ക്കുന്നതിനുള്ള സൗകര്യവും കമ്മിറ്റി ഓഫീസിൽ നിന്ന് ചെയ്തുവരുന്നുണ്ട്. മഹല്ലിലേക്ക് ഏതെങ്കിലും തരത്തിലുള്ള കുടിശ്ശിക അടയ്ക്കുവാനുണ്ടെങ്കിൽ ആയത് തീർത്ത് രശീതി വാങ്ങാതെ സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ള യാതൊരു അപേക്ഷകളും ഓഫീസിൽ സ്വീകരിക്കില്ലെന്ന് കമ്മിറ്റി തീരുമാനിച്ചിട്ടുള്ളതാണ്. എന്നിട്ടും മരണാനന്തര സഹായം വരിസംഖ്യ എന്നീയിനത്തിൽ വൻതുക മഹല്ലിൽ നിന്ന് പിരിഞ്ഞുകിട്ടാനുണ്ട്. ടി സംഖ്യ മുഴുവനും പിരിഞ്ഞുകിട്ടിയാൽ മഹല്ലിന്റെ സാമ്പത്തിക പ്രതിസന്ധിക്ക് അല്പം ആശ്വാസമാകും.

**സക്കാത്ത്, ഫിത്വർ സക്കാത്ത്, വുളുഹിയത്ത് :** ഭരണഘടനാ 3.3.4 പ്രകാരം റിപ്പോർട്ട് കാലയളവിലും സക്കാത്ത്, ഫിത്വർ സക്കാത്ത്, വുളുഹിയത്ത് എന്നിവ മാതൃകാപരമായി നിർവ്വഹിച്ചിട്ടുണ്ട്. സക്കാത്ത് ഫണ്ട് വർഷംതോറും വർദ്ധിച്ച് വരുന്നതിന് പകരം കുറഞ്ഞ് വരുന്നത് അത്യന്തം ഖേദകരമായ കാര്യമാണ്. ദീനീ സംഘടനകൾ അവരുടെ സംഘടനാ ശക്തി ഉപയോഗിച്ച് മഹല്ലിൽ വ്യാപകമായ സക്കാത്ത് ശേഖരണമാണ് നടത്തിവരുന്നത്. മഹല്ലിന്റെ പുരോഗമനപ്രവർത്തനങ്ങൾക്കും മതസംഘടനകളുടെ ലേബലില്ലാതെ അർഹരായവർക്ക് അവരുടെ സക്കാത്ത് എത്തിച്ചുകൊടുക്കുവാനും മഹല്ല് അംഗങ്ങൾ ഓരോരുത്തരുടേയും സക്കാത്ത് വിഹിതം മഹല്ല് കമ്മിറ്റിയെ ഏൽപ്പിക്കേണ്ടതാണ്. സക്കാത്ത്, ഫിത്വർ

സക്കാത്ത്, വുളുഹിയത്ത് എന്നിവയുടെ വിതരണം സംബന്ധിച്ച് കഴിഞ്ഞ മഹല്ല് പൊതുയോഗം സവിസ്തരം ചർച്ച ചെയ്തതോർക്കുമല്ലോ. സക്കാത്തിനും, ഫിത്വർസക്കാത്തിനും അർഹരായ വരെ കണ്ടെത്തി കരട് ലിസ്റ്റ് പ്രസിദ്ധീകരിച്ച്, ആക്ഷേപങ്ങൾ സ്വീകരിച്ച് അനർഹരെ നീക്കം ചെയ്ത് തികച്ചും അർഹരായവർക്ക് സക്കാത്ത് ഫിത്വർ സക്കാത്ത് എത്തിച്ചുകൊടുക്കണമെന്നാണ് കഴിഞ്ഞ പൊതുയോഗം ഏകദേശം ധാരണയായെങ്കിലും ഒരുവർഷം കൂടി പഴയത് പോലെ പോകട്ടെയെന്ന് തീരുമാനിച്ചിട്ടുള്ളതുമാണ്. ഈപൊതുയോഗം ഇക്കാര്യത്തിൽ തീരുമാനമെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. കൂടാതെ വുളുഹിയത്തിന്റെ മാംസവിതരണത്തിലെ അപാകതകളും പരാതികളും ദൂരീകരിക്കുന്നതിന് ടോക്കൺ സംവിധാനം ഏർപ്പെടുത്തണമെന്ന് നാം ചർച്ച ചെയ്തിരുന്നതാണ്. മേൽ കാര്യങ്ങളെല്ലാം തന്നെ 23.06.2013 ൽ കൂടിയ പൊതുയോഗറിപ്പോർട്ടിൽ മഹല്ല് കമ്മിറ്റി സവിസ്തരം പ്രതിപാദിച്ചിരുന്നത് ഓർക്കുമല്ലോ. സക്കാത്ത്, ഫിത്വർ സക്കാത്ത്, വുളുഹിയത്ത് എന്നിവയുടെ ശേഖരണത്തിനും വിതരണത്തിനും നാം മറ്റു മഹല്ലുകൾക്ക് പുറകിലാകരുതെന്നും കാലത്തിനനുസരിച്ച് നമ്മൾ നൂതന മാർഗ്ഗങ്ങൾ സ്വീകരിച്ച് പണവും സമയവും ലാഭിക്കേണ്ടതുണ്ടെന്ന് ഓർമ്മപ്പെടുത്തുന്നു. വുളുഹിയത്തിന്റെ ഫണ്ട് ശേഖരണത്തിൽ കമ്മിറ്റി വളരെയധികം ക്ലേശിക്കേണ്ടിവരുന്നുണ്ട്. മൃഗങ്ങളുടെ വിലയിലുണ്ടായിട്ടുള്ള വൻവർദ്ധനവും ഷെയർ പിരിച്ചെടുക്കുവാനുള്ള ബുദ്ധിമുട്ടും പലപ്പോഴും ഏറെ പ്രതിസന്ധിയ്ക്ക് കാരണമാകുന്നുണ്ട്. സക്കാത്ത്, ഫിത്വർ സക്കാത്ത്, വുളുഹിയത്ത് എന്നിവയുടെ വിജയത്തിന് മഹല്ല് അംഗങ്ങൾ, മഹല്ല് കമ്മിറ്റിയുമായി പൂർണ്ണമായും സഹകരിക്കേണ്ടതുണ്ട്. പല മഹല്ലുകളും അവരുടെ കൂട്ടായ്മയുടെ ഉദാഹരണമായി ചൂണ്ടികാണിക്കുന്നത് സക്കാത്ത് വുളുഹിയത്ത് എന്നിവയുടെ വിജയമാണ്. എന്നാൽ നമ്മുടെ മഹല്ലിൽ പലരും സ്വന്തമായും ഗ്രൂപ്പായും തിരിഞ്ഞ് നമ്മുടെ കൂട്ടായ്മയ്ക്ക് തടസ്സമുണ്ടാക്കി മഹല്ലിനെ പ്രതിസന്ധിയിലാക്കുന്നത് ഖേദകരമാണ്. ഈ കാര്യവും പൊതുയോഗം ചർച്ച ചെയ്തിരുന്നതാണ്.

**മീലാദാഘോഷം, നോമ്പുതുറക്കൽ :** പ്രവാചകൻ (സ)യുടെ 1488-ാം ജന്മദിനം നാടെങ്ങും ആഘോഷിച്ചത് പോലെ നമ്മുടെ മഹല്ലും ആർഭാടപൂർവ്വം കൊണ്ടാടി. എല്ലാ മദ്രസ്സകളിലും കുട്ടികളുടെ കലാപരിപാടികൾ ഘോഷയാത്രകൾ, അന്നദാനം, മതപ്രഭാഷണം തുടങ്ങിയ പരിപാടികൾ നടത്തപ്പെട്ടു. മദ്രസ്സകൾ കേന്ദ്രീകരിച്ച് മുമ്പ് ലളിതമായി നടന്നിരുന്ന മീലാദാഘോഷങ്ങൾ ഇപ്പോൾ നമ്മുടെ മഹല്ലിന്റെ സമസ്ത മേഖലകളിലും ശ്രദ്ധിക്കപ്പെടുന്ന വിധം നടത്തപ്പെടുന്നുണ്ട്. അതാത് ഭാഗത്തെ അഡ്വൈസറി കമ്മിറ്റി അംഗങ്ങളും അദ്ധ്യാപകരും ഇക്കാര്യത്തിൽ വഹിക്കുന്ന നേതൃത്വപരമായ പങ്കും സമീപവാസികളുടെ കൂട്ടായ്മയും ഉത്സാഹവുമെല്ലാം ഇതിന്റെ വിജയത്തിന് കാരണമായിട്ടുണ്ട്. ദീനിപ്രവർത്തനരംഗങ്ങളിൽ മുമ്പുണ്ടായിരുന്ന ശൂന്യത ഒരളവോളമെങ്കിലും കുറയ്ക്കുന്നതിന് കഴിഞ്ഞ 5 വർഷംകൊണ്ട് കഴിഞ്ഞിട്ടുണ്ട്. പള്ളിപരിപാലനരംഗത്തേക്ക് ചെറുപ്പക്കാരുടെ കൂടുതലായുള്ള ഇടപെടലുകളും പരിസരവാസികളുടെ ശുഷ്കാന്തിയുമെല്ലാം ഇതിന് കാരണമായിട്ടുണ്ട്. ഓരോ പ്രദേശത്തേയും അദ്ധ്യാപകർ അവരുടെ പള്ളിയും പരിസരവും ദീനീകേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള ശ്രമങ്ങളും നടത്തുന്നുണ്ടെന്നതും ഇതിന്റെ മറ്റൊരു കാരണമാണ്.

കഴിഞ്ഞ പൊതുയോഗതീരുമാനപ്രകാരം വർഷങ്ങളായി നാം നടത്തിവരുന്ന ഇഫ്താർ വിരുന്ന് ഒഴിവാക്കിയിട്ടുള്ളതാണ്. ഭക്ഷണത്തോടെയുള്ള നോമ്പ് തുറക്കൽ ഈ വർഷവും സജ്ജീകരിച്ചിരുന്നു. നോമ്പ് തുറക്കലിന് മുമ്പ് ലഭിച്ചിരുന്ന സംഭാവനകളേക്കാൾ കുറവായിരുന്നു റിപ്പോർട്ട് വർഷത്തിൽ ലഭിച്ചത്. എന്നിരുന്നാലും നോമ്പ് തുറക്കാനെത്തുന്നവർക്കെല്ലാം ഭക്ഷണം നൽകാൻ മഹല്ല് കമ്മിറ്റി ശ്രദ്ധിച്ചിരുന്നു. ഏതാണ്ട് 400ൽ പരം ആളുകൾ നിത്യവും നോമ്പ് തുറക്കലിനായി നമ്മുടെ പള്ളിയിൽ സമ്മേളിക്കുന്നു. അവർക്ക് കൃത്യമായും സമയനഷ്ടമില്ലാതെയും ഭക്ഷണം നൽകുന്നതിന് വ്രതമെടുത്ത ഒരു കൂട്ടം യുവാക്കളുടെ സാന്നിദ്ധ്യവും

സഹകരണവും നമ്മുടെ നോമ്പ്തുറക്കലിനെ വേറിട്ടതാക്കുന്നു. നോമ്പ് തുറക്കൽ സജ്ജീകരിക്കുന്നതിന് മഹല്ല് കമ്മിറ്റിക്ക് യാതൊരു പ്രയാസങ്ങളും ഉണ്ടാക്കാതെ മുഴുവൻ ചുമതലയും ഈ ചെറുപ്പക്കാർ കൈയ്യാളുമ്പോൾ റമദാനിന്റെ പവിത്രതയും പരിശുദ്ധിയും ഈ യുവകൂട്ടായ്മയിൽ സമ്മേളിക്കുന്നത് നമുക്ക് കാണാൻ കഴിയും. വർഷങ്ങളായുള്ള ഈ ഒരുമിക്കലും ഒരുമയോടുള്ള പ്രവർത്തനവും സർവ്വശക്തൻ ദീർഘകാലം നിലനിർത്തട്ടെയെന്ന് പ്രാർത്ഥിക്കുന്നു. മീലാദാഘോഷങ്ങളിലെപോലെ, നോമ്പ് തുറക്കൽ വേളകളിലെ പോലെ, ഈ വർഷത്തെ വുളുഹിയത്തിലും ഓരോ മദ്രസ്സയുടെയും പരിസരവാസികളിൽ നിന്നും കലവറയില്ലാത്ത പിന്തുണയാണ് ഈ ഭരണസമിതിക്ക് ലഭിച്ചിട്ടുള്ളത്. വിതരണത്തിൽ മാത്രമല്ല, മാംസം വിതരണത്തിന് തയ്യാറാക്കുന്നതുൾപ്പെടെയുള്ള ജോലികൾക്ക് പോലും പരിസരവാസികൾ മുഴുവൻ സമയ പങ്കാളികളായി എന്നുള്ളത് നമ്മുടെ മഹല്ലിന് കൈവന്ന മാറ്റത്തേയാണ് സൂചിപ്പിക്കുന്നത്. വുളുഹിയത്തിന്റെ ഷെയർ പിരിയ്ക്കുകയും മൃഗങ്ങളെ വാങ്ങുകയും ചെയ്യുന്ന പ്രാഥമിക ജോലികളിൽ മാത്രം മഹല്ല് കമ്മിറ്റി ഒതുങ്ങി നിൽക്കുകയും വുളുഹിയത്തിന്റെ സമസ്ത മേഖലകളിലും തങ്ങളുടെ ഓരോരുത്തരുടേയും സ്വന്തം കാര്യം പോലെ പരിസരവാസികൾ സഹകരിച്ചതിൽ സർവ്വശക്തനോട് നന്ദിപറയുന്നു. വുളുഹിയത്ത് ഷെയർ സ്വരൂപിക്കുന്നതിന് അതാത് ഭാഗത്തെ അഡ്വൈസറി കമ്മറ്റികളേയും ചെറുപ്പക്കാരേയും പ്രാപ്തമാക്കുന്ന വിധം വരുംകാല ഭരണസമിതികൾ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**സർക്കാർ ഫണ്ടുകൾ :** അതിപുരാതനമായ നമ്മുടെ ജുമാ മസ്ജിദിന് സർക്കാരിൽ നിന്ന് ലഭിക്കേണ്ടതായ പദ്ധതികളും ഗ്രാന്റുകളും നേടിയെടുക്കുന്നതിന് കമ്മിറ്റി പരമാവധി ശ്രമിച്ചിട്ടുണ്ട്. തികഞ്ഞ മത്സരബുദ്ധിയോടെ തന്നെ അർഹതപ്പെട്ട കാര്യങ്ങൾ നേടിയെടുക്കുന്നതിന് ഓരോ സർക്കാർ വകുപ്പിലും ആവശ്യമായ സമ്മർദ്ദങ്ങൾ ചെലുത്തുന്നതിന് ശ്രദ്ധിച്ചിട്ടുണ്ട്. സർക്കാർ ഫയലുകളുടെ മെല്ലേപ്പോക്ക് നയവും ചില ഉദ്യോഗസ്ഥരുടെ കെടുകാര്യസ്ഥതയും നമുക്ക് വിഘാതമാകുന്നുണ്ടെങ്കിലും നമ്മുടെ ശ്രമങ്ങൾ പാതിവഴിയിൽ ഉപേക്ഷിക്കാറില്ല. SPQEM (Scheme for Providing Quality Education to Madrassa) പദ്ധതി പ്രകാരം 7,56,000 രൂപയാണ് ഈ വർഷം ലഭിച്ചത്. എന്നാൽ ടി സംഖ്യ 2011-2012 അദ്ധ്യയന വർഷത്തേതായിരുന്നു. 2012-2013 വർഷത്തിലെ ഏകദേശം 20,00,000 രൂപയോളം മഹല്ലിന് സർക്കാരിൽ നിന്ന് ഈയിനത്തിൽ ലഭിക്കാനുണ്ട്. മുസ്രിസ് പൈതൃകപദ്ധതിയിൽ ഉൾപ്പെടുത്ത് സ്ഥാപിക്കുന്ന രാജ്യത്തെ ആദ്യ ഇസ്ലാമിക പൈതൃകമ്യൂസിയം 1.38 കോടി രൂപ അടങ്കൽ നിശ്ചയിച്ച് നമ്മുടെ വിശ്രമകേന്ദ്രത്തിന് മുകളിൽ പൂർത്തീകരിച്ചിട്ടുണ്ട്. മ്യൂസിയത്തിലേക്കാവശ്യമായ കമ്പ്യൂട്ടറുകൾ സ്ക്രീനുകൾ പ്രദർശനവസ്തുക്കൾ എന്നിവയാണ് ഇനി സ്ഥാപിക്കാനുള്ളത്. ടി കാര്യങ്ങൾക്കായി മഹല്ല് പ്രസിഡന്റ് ഡോ. പി.എ. മുഹമ്മദ് സഈദ് ഉൾപ്പെടെ കേരളത്തിലെ പ്രഗത്ഭരായ അഞ്ച് ചരിത്രകാരന്മാരെ ഉൾപ്പെടുത്തി മ്യൂസിയം കമ്മിറ്റി രൂപീകരിച്ച് ഗവൺമെന്റ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയുടെ മേൽനോട്ടത്തിലാകും ബാക്കി കാര്യങ്ങൾ നടപ്പിലാക്കുന്നത്. ഇൻശാ അല്ലാഹ് പദ്ധതി പൂർത്തീകരിക്കുമ്പോൾ നമ്മുടെ മഹല്ലിന് എക്കാലത്തെയും മികച്ച നേട്ടമായിരിക്കും ഇസ്ലാമിക പൈതൃക മ്യൂസിയം. മുസ്രിസ് പൈതൃക പദ്ധതിയുടെ നടത്തിപ്പിൽ നീതീകരിക്കാനാവാത്ത വീഴ്ചകൾ മഹല്ല് കമ്മിറ്റിയുടെ ശ്രദ്ധയിൽ പെട്ടിട്ടുള്ളതും ആയത് ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപെടുത്തിയിട്ടുള്ളതുമാണ്. 2012-2013 വർഷത്തിൽ ഭരണാനുമതി ലഭിച്ച ഇസ്ലാമിക പൈതൃക മ്യൂസിയം 1 വർഷം കഴിഞ്ഞിട്ടും പണി പൂർത്തീകരിക്കാതെ ജനങ്ങൾക്ക് തുറന്നുകൊടുക്കാനാവാത്ത സാഹചര്യം നീതീകരിക്കാനാവില്ല. മുസ്രിസ് പൈതൃകപദ്ധതിയിൽ ഉൾപ്പെടുത്തി അടിയന്തിരപ്രാധാന്യത്തോടെ മഹല്ലിൽ നടപ്പാക്കേണ്ട ചില പദ്ധതികൾ കൂടി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി നിവേദനം നൽകിയിട്ടുണ്ട്. മഹല്ലിൽ സിവിൽസർവ്വീസ് ട്രെയിനിംഗ് സബ്ബ് സെന്റർ അനുവദിക്കുന്നതിന്,

ന്യൂനപക്ഷവകുപ്പ് അനുമതി നൽകിയിരുന്നെങ്കിലും ആയതും ഉദ്യോഗസ്ഥരുടെ അനാസ്ഥയിൽ കുടുങ്ങിക്കിടക്കുകയാണ്. അടുത്ത ഭരണസമിതി ഈ കാര്യങ്ങളിൽ ജാഗ്രതയോടെ പ്രവർത്തിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഏതെങ്കിലും സാഹചര്യത്തിൽ നമുക്കുണ്ടാകുന്ന നിസംഗത നമ്മേ ഏറെ പിന്നിലാക്കും. നമുക്ക് അർഹമായത് ലഭിക്കാതിരിക്കാൻ പല കേന്ദ്രങ്ങളും ശ്രമിക്കുമെന്നുള്ളതിനാൽ നമ്മുടെ ജാഗ്രത ചരിത്രപരമായ അനിവാര്യത കൂടിയാണ്.

**മഹല്ല് അംഗത്വ പാസ്ബുക്ക് :** ചേരമാൻ ജുമാമസ്ജിദ് മഹല്ല് അംഗങ്ങൾക്ക് നാളിതുവരെയായി അവരുടെ കുടുംബവിവരങ്ങൾ രേഖപ്പെടുത്തിയ മഹല്ല് രേഖകളൊന്നും ഇതുവരെ വിതരണം ചെയ്തിട്ടില്ല. ഇത്തരത്തിലൊരു രേഖ കൈവശമില്ലാത്തതിനാൽ മഹല്ല് അംഗങ്ങൾ അടയ്ക്കുന്ന വരിസംഖ്യ മരണാനന്തര സഹായം തുടങ്ങിയവയുടെ കൃത്യമായ വിവരങ്ങൾ അറിയുവാൻ അംഗങ്ങൾക്ക് കഴിയാറില്ലെന്ന പരാതി നിലവിലുണ്ട്. ഈ കുറവുകൾ പരിഹരിക്കുന്നതിന് കുടുംബാംഗങ്ങളുടെ മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തിയ അംഗത്വ പാസ്ബുക്ക് തയ്യാറാക്കി വിതരണം ചെയ്യാൻ മഹല്ല് കമ്മിറ്റി തയ്യാറാക്കിയിട്ടുണ്ട്. സക്കാത്ത്, ഫിത്വർ സക്കാത്ത്, വുളുഹിയത്ത് എന്നിവയുടെ വിതരണവും മഹല്ലിൽ നിന്നുള്ള ധനസഹായങ്ങൾ കൈപ്പറ്റുന്നതിന്റെയും വിവരങ്ങളും, വിവാഹപൂർവ്വ കൗൺസിലിംഗ് ക്ലാസിൽ പങ്കെടുത്തതിന്റെ വിവരങ്ങളും കൂടി ഉൾപ്പെടുത്താവുന്ന വിധത്തിലാണ് പാസ്സ്ബുക്ക് തയ്യാറാക്കിയിട്ടുള്ളത്. ഈ പൊതുയോഗത്തിന് മുമ്പായി പാസ്ബുക്കിൽ ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തി കുടുംബങ്ങൾക്ക് കമ്മിറ്റിയിൽ നിന്നും നേരിൽ എത്തിച്ചുനൽകുന്നതാണ്. പാസ്ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങളിൽ അപാകതകളോ പോരായ്മകളോ ഉണ്ടെങ്കിൽ ആയത് അംഗങ്ങൾ ഓഫീസിൽ കൊണ്ടുവന്ന് കൃത്യമായ വിവരങ്ങൾ ചേർത്ത് സീൽ ചെയ്ത് വാങ്ങേണ്ടതാണ്. വിവാഹകൗൺസിലിംഗ് ക്ലാസ് ഉൾപ്പെടെ മഹല്ലുമായി ബന്ധപ്പെട്ട കുടുംബത്തിന്റെ എല്ലാ ആവശ്യങ്ങൾക്കും ഈ പാസ്ബുക്ക് മേലിൽ ഉപയോഗപ്പെടുത്തേണ്ടതും നഷ്ടപ്പെടുത്താൻ പാടില്ലാത്തതുമാണ്.

മഹല്ല് പൊതുയോഗം തീരുമാനമെടുക്കുന്ന പക്ഷം സക്കാത്ത്, ഫിത്വർസക്കാത്ത്, വുളുഹിയത്ത് എന്നിവയുടെ വിതരണത്തിന് ടോക്കണായി ഈ വർഷം മുതൽ ടി പാസ്ബുക്ക് ഉപയോഗപ്പെടുത്താവുന്നതാണ്. അടുത്ത മഹല്ല് സെൻസസ് വരെ പാസ്ബുക്ക് അംഗങ്ങൾ ഉപയോഗപ്പെടുത്തണമെന്നാണ് കമ്മിറ്റി ഉദ്ദേശിക്കുന്നത്.

**കൗൺസിലിംഗ് ക്ലാസ് :** റിപ്പോർട്ട് വർഷത്തിൽ 11 വിവാഹപൂർവ്വ കൗൺസിലിംഗ് ക്ലാസ്സുകളും, ഒരു വിവാഹാനന്തര കൗൺസിലിംഗ് ക്ലാസും മഹല്ലിൽ സംഘടിപ്പിക്കുകയുണ്ടായി. 2009ൽ കൂടിയ മഹല്ല് പൊതുയോഗം എടുത്ത തീരുമാനം നമ്മുടെ സമുദായത്തെ സംബന്ധിച്ചിടത്തോളം ചരിത്രപരമായ ഒന്നായിരുന്നുവെന്ന് കാലം തെളിയിച്ചു. പൊതുയോഗതീരുമാനത്തോട് നെറ്റി ചുളിച്ച പലരും കൗൺസിലിംഗ് ക്ലാസ്സിന്റെ മേന്മയിൽ നമ്മെ അഭിനന്ദിക്കുകയുണ്ടായി. കേരളത്തിലെ ഒട്ടുമിക്ക മഹല്ലുകളും ആഘോഷമായി നമ്മുടെ പദ്ധതി ഏറ്റെടുക്കുകയാണ്. വിവാഹപൂർവ്വ കൗൺസിലിംഗ് ക്ലാസ് തുടങ്ങിയതിന്ശേഷം അതിന്റെ ഫലം നമ്മുടെ മഹല്ലിന് ഇപ്പോൾ ലഭ്യമായിക്കൊണ്ടിരിക്കുകയാണ്. റിപ്പോർട്ട് വർഷത്തിൽ 4 വൈവാഹിക പ്രശ്നങ്ങൾ മാത്രമാണ് മഹല്ല് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വന്നിട്ടുള്ളത്. അതിൽ 1 മാത്രമാണ് പരിഹരിക്കപ്പെടാതെ നിൽക്കുന്നത്. വ്യക്തമായ സിലബസ്സിന്റെ അടിസ്ഥാനത്തിൽ മഹല്ല് ഇമാമും ക്ലിനിക്കൽ സൈക്കോളജിസ്റ്റും നടത്തുന്ന ക്ലാസ്സുകൾ നമ്മുടെ കുട്ടികൾക്ക് കുടുംബജീവിതത്തെ കുറിച്ചുള്ള അടിസ്ഥാന വിവരങ്ങൾ പഠിപ്പിച്ചു നൽകുന്നുണ്ട്. വിവാഹഅപേക്ഷാഫോറം അനുവദിക്കുന്നതിന് കൗൺസിലിംഗ് ക്ലാസ്സിൽ പങ്കെടുക്കണമെന്ന തീരുമാനം മഹല്ല് കമ്മിറ്റി കർശനമായി പാലിച്ചുവരുന്നുണ്ട്. ഈ കർശന

സമീപനം നമ്മുടെ കുട്ടികളുടെ ഭാവിജീവിതത്തിനുള്ളതാണെന്ന തിരിച്ചറിവ് രക്ഷിതാക്കൾക്കുണ്ടാകണമെന്നും അതിലെ നന്മ തിരിച്ചറിയണമെന്ന് കൂടി മഹല്ല് കമ്മിറ്റി അഭ്യർത്ഥിക്കുന്നു. വിവാഹം രജിസ്റ്റർ ചെയ്യുന്നതിന് വിവാഹപൂർവ്വ കൗൺസിലിംഗ് ക്ലാസ്സിൽ പങ്കെടുത്തിരിക്കൽ നിർബന്ധമാക്കണമെന്ന് കേരള വനിതാകമ്മീഷൻ ഈയിടെ സർക്കാരിനോട് ശുപാർശ ചെയ്തിട്ടുള്ള വിവരവും അംഗങ്ങളെ അറിയിക്കുന്നു.

വിവാഹപൂർവ്വ കൗൺസിലിംഗ് ക്ലാസ്സിന്റെ വിജയത്തെതുടർന്ന് 2012-2013 വർഷത്തിൽ ഹാപ്പി ഫാമിലി എന്ന പേരിൽ നാം നടത്തിയ വിവാഹാനന്തര കൗൺസിലിംഗ് ക്ലാസ് പ്രതീക്ഷിച്ച വിജയം കണ്ടില്ലെങ്കിലും ഈ റിപ്പോർട്ട് വർഷത്തിലും വിവാഹാനന്തര കൗൺസിലിംഗ് ക്ലാസ് കമ്മിറ്റി സംഘടിപ്പിക്കുകയുണ്ടായി. ആയതിന് മുൻവർഷത്തിൽ നിന്നും ഭേദപ്പെട്ട പ്രതികരണം ലഭിച്ചിട്ടുണ്ട്. 2013 ജനുവരി 1 മുതൽ ഡിസംബർ 31 വരെയുള്ള 1 വർഷത്തിൽ വിവാഹതിരായിട്ടുള്ള മഹല്ലിലെ മുഴുവൻ വധൂവരന്മാരെയും ക്ഷണിച്ചുവരുത്തി ആവർക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകാനാണ് വിവാഹനന്തര കൗൺസിലിംഗ് ക്ലാസ്സ് സംഘടിപ്പിച്ചിരുന്നത്. യഥാസമയങ്ങളിൽ ആവശ്യമായ നിർദ്ദേശങ്ങളും ഉപദേശങ്ങളും ദമ്പതികൾക്ക് ലഭിക്കാത്തതും അവരുടെ പ്രശ്നങ്ങളിൽ സന്ദർഭോചിതമായി ആരും ഇടപെടാനില്ലാത്തതുമാണ് ദാമ്പത്യ പ്രശ്നങ്ങളുടെ കാതലായ കാരണം. ഇത് പരിഹരിക്കാനും ആരോഗ്യമുള്ള ഒരു കുടുംബ സംസ്കാരം വളർത്തിയെടുക്കാനും നമ്മുടെ കൗൺസിലിംഗ് ക്ലാസ്സുകൊണ്ട് കഴിയുമെന്ന് കമ്മിറ്റി പ്രത്യാശിക്കുന്നു. ദാമ്പത്യ ബന്ധങ്ങളിൽ കൂടുതൽ അസ്വാരസ്യങ്ങൾ ഉണ്ടാകാൻ ഇടയുള്ള കാലയളവായ, വിവാഹം കഴിഞ്ഞ് 5 വർഷം പൂർത്തിയായിട്ടുള്ള ദമ്പതികൾക്കായും കൗൺസിലിംഗ് ക്ലാസ് സംഘടിപ്പിക്കാനും കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്.

**വി.ഐ.പി. സന്ദർശനം :** റിപ്പോർട്ട് വർഷത്തിലും നമ്മുടെ മസ്ജിദ് സന്ദർശനത്തിനെത്തുവരുടെ എണ്ണം ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. ടി ഇനത്തിലുള്ള വരവും വർദ്ധിച്ചിട്ടുണ്ട്. ഓരോ ദിവസവും പള്ളി സന്ദർശനത്തിനെത്തുവരുടെയും സിയാറത്തിന് വരുന്നവരുടേയും എണ്ണം ക്രമാതീതമായി വർദ്ധിച്ചുവരുന്നത് നമ്മുടെ പള്ളിയ്ക്ക് വർത്തമാന കാലഘട്ടത്തിലും ചരിത്രത്തിലും അദ്യുതീയമായ സ്ഥാനമാണ് ലഭിച്ചിട്ടുള്ളത് എന്നതിന്റെ തെളിവാണ്. ഉത്തർപ്രദേശ് മന്ത്രി ഫരീദ് കിദ്വായി, സംസ്ഥാന ചീഫ് സെക്രട്ടറി, പോർച്ചുഗൽ അംബാസിഡർ, അലിഗഢ് യൂണിവേഴ്സിറ്റി വൈസ് ചാൻസലർ, ജില്ലാ കളക്ടർ തുടങ്ങിയ പ്രമുഖർ ഈ റിപ്പോർട്ട് വർഷം മസ്ജിദ് സന്ദർശിച്ച പ്രമുഖരിൽ ചിലരാണ്. ലോകപ്രശസ്ത സാഹിത്യകാരൻ താരിഖ് അലിയും ഈ കാലയളവിൽ തന്നെ പള്ളിയിൽ എത്തിയിട്ടുള്ളതും, ഇന്ത്യാ ടുഡേയ്ക്ക് അദ്ദേഹം അനുവദിച്ച അഭിമുഖത്തിൽ ചേരമാൻ ജുമാമസ്ജിദിന്റെ ചരിത്ര പ്രാധാന്യത്തെകുറിച്ച് വിശദീകരിച്ചത് നമുക്ക് ലഭിച്ച അംഗീകാരവുമാണ്. മലയാളത്തിന്റെ പ്രിയപ്പെട്ട എഴുത്തുകാരൻ സക്കറിയയും, ശശികുമാറും അദ്ദേഹത്തോടൊപ്പം പള്ളി സന്ദർശിച്ചിട്ടുള്ളതും, ശശികുമാർ തന്റെ ലേഖനത്തിൽ മതേതര ഭാരതത്തിൽ ചേരമാൻ ജുമാമസ്ജിദിന്റെ സ്ഥാനം വിവരിക്കുകയും ചെയ്തിട്ടുണ്ട്. ചേരമാൻ ജുമാമസ്ജിദുമായി ചരിത്രംകൊണ്ടും സൗഹൃദംകൊണ്ടും അഭേദ്യമായ ബന്ധം പുലർത്തുന്ന കൊടുങ്ങല്ലൂർ കോവിലകത്തിന്റെ വലിയതമ്പുരാൻ ശ്രീരാമവർമ്മ സ്ഥാനമേറ്റെടുത്തതിന് ശേഷം, നമ്മുടെ പള്ളിയിലെത്തിയതും ഹൃദ്യമായ അനുഭവമായിരുന്നു. നൂറ്റാണ്ടുകളുടെ പഴക്കം ചെന്ന ഈ സൗഹൃദം രാജ്യത്തിന് മാതൃകയാകും വിധം വളർത്തിയെടുക്കാൻ നമ്മുടെ മഹല്ല് പ്രതിജ്ഞാബദ്ധമാണെന്നും ആയതിനുള്ള ബോധപൂർവ്വമായ ശ്രമങ്ങൾ മേലിലും മഹല്ല് കമ്മിറ്റികളുടെ ഭാഗത്ത് നിന്ന് ഉണ്ടാകണമെന്നും കമ്മിറ്റി ആഗ്രഹിക്കുന്നു. കൊടുങ്ങല്ലൂർ കോവിലകത്തിന്റെ അന്തരിച്ച വലിയതമ്പുരാൻ ഗോദവർമ്മരാജയുടെ നിര്യാണത്തെത്തുടർന്ന് മഹല്ല് കമ്മിറ്റി പ്രതിനിധികൾ തൃപ്പൂണിത്തറയിലെ അദ്ദേഹത്തിന്റെ

വീട്ടിലെത്തി ബന്ധുക്കളെ മഹല്ലിന്റെ അനുശോചനം അറിയിക്കുകയും, മരണാനന്തരചടങ്ങുകളിൽ മഹല്ല് പ്രതിനിധികൾ പങ്കെടുത്തിട്ടുള്ളതുമാണ്. അന്തരിച്ച വലിയതമ്പുരാന്റെ ഉത്തരീയം നമ്മുടെ പൈതൃക മ്യൂസിയത്തിലേക്ക് രാജകുടുംബത്തിൽ നിന്നും ലഭിച്ചതും വേറിട്ടൊരു കാഴ്ചയായിരുന്നു. നാടെങ്ങും സമുദായ സൗഹൃദം തകർക്കാനുള്ള ഗൂഢശ്രമങ്ങൾ നടക്കുമ്പോൾ, ഈ സൗഹൃദം രാജ്യത്തിന് മാതൃകായാകുമെന്ന് കമ്മിറ്റി കരുതുന്നു. ഇന്ത്യയിൽ ഇസ്ലാമിന്റെ തുടക്കം കുറിച്ചത് ഈ മണ്ണിൽ നിന്നായതിനാൽ നമ്മുടെ പ്രവർത്തനങ്ങൾ ഇന്ത്യയിൽ ഇസ്ലാമിന്റെ മാതൃകയാകണമെന്നും ഞങ്ങൾ ആഗ്രഹിക്കുന്നു.

തൃശൂർ ജില്ലയുടെ ചരിത്രവും സംസ്കാരവും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ എത്തിക്കുന്നതിന് ജില്ലാ ഭരണകൂടവും, ഡി.ടി.പി.സി. യും സംയുക്തമായി നടത്തിയ 'തൃശൂർപെരുമ' എന്ന പരിപാടിയുടെ ഭാഗമായി രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള എഴുത്തുകാരും സാഹിത്യകാരൻമാരുമുൾകൊള്ളുന്ന ഒരു സംഘം മസ്ജിദ് സന്ദർശിച്ചതും ഈ റിപ്പോർട്ട് വർഷത്തിലാണ്. ആലുവ വൈദിക പഠനകേന്ദ്രത്തിലെ വിദ്യാർത്ഥികൾ ഈ റിപ്പോർട്ട് വർഷത്തിലും നമ്മുടെ പള്ളിയിലെത്തിയത് ചേരമാൻ ജുമാമസ്ജിദിന്റെ മതസാഹോദര്യത്തിന് മാറ്റുകൂട്ടുന്ന ഒന്നായിരുന്നു. ലോക വൃദ്ധദിനത്തിൽ കൊടുങ്ങല്ലൂർ ജനമൈത്രി പോലീസിന്റെ നേതൃത്വത്തിൽ പള്ളിയിലെത്തിയ വൃദ്ധജനങ്ങളെ സ്വീകരിക്കാനായതും മറ്റൊരു കൗതുകമായി. നിരവധി പ്രസിദ്ധീകരണങ്ങളിലും ചാനലുകളിലും ഇന്ത്യാ ഉപഭൂഖണ്ഡത്തിലെ ഈ ചരിത്ര വിസ്മയത്തെ കുറിച്ചുള്ള വാർത്തകളും ലേഖനങ്ങളും ദിനംപ്രതി പ്രസിദ്ധീകരിച്ചുവരികയാണ്. നമ്മുടെ വെബ്സൈറ്റ് നിത്യവും നൂറ് കണക്കിനാളുകൾ സന്ദർശിക്കുന്നുണ്ട്. ഇന്ത്യാ ചരിത്രത്തിൽ ഒരിക്കലും അവഗണിക്കാൻ കഴിയാത്ത ഒരു അദ്ധ്യായമായി ചേരമാൻ ജുമാ മസ്ജിദ് സ്ഥിരപ്രതിഷ്ഠ നേടിയത് ഈ ഭരണസമിതിയുടെ കാലഘട്ടത്തിൽ കൂടിയായതിനാൽ അല്ലാഹുവിനോട് നന്ദി പറയുന്നു.

***പ്രിയപ്പെട്ടവരെ,*** വീണ്ടുമൊരു തെരഞ്ഞെടുപ്പ് പൊതുയോഗത്തിന്റെ വേളയിലാണ് ഈ റിപ്പോർട്ട് ചർച്ച ചെയ്യപ്പെടുന്നത്. ഞങ്ങളിൽ ഏൽപ്പിച്ചിട്ടുള്ള ഉത്തരവാദിത്വം എത്രകണ്ട് പൂർത്തീകരിക്കപ്പെട്ടുവെന്ന് ഞങ്ങൾ സ്വയം വിമർശനത്തോടെ വിലയിരുത്തിയിട്ടുണ്ട്. ഒട്ടനവധി കാര്യങ്ങൾ ചെയ്യാൻ കഴിഞ്ഞു എന്ന ചാരുതാർത്ഥ്യത്തോടൊപ്പം, ചെയ്യാൻ കഴിയുമായിരുന്ന നിരവധി കാര്യങ്ങൾ വിട്ടുപോയതിലുള്ള നിരാശയും ഞങ്ങൾക്കുണ്ട്. അല്ലാഹുവിന്റെ ഭവനം അതിന്റെ പ്രശസ്തിയും പ്രൗഢിയും നാൾക്കുനാൾ വർദ്ധിച്ചുവരുമ്പോൾ തന്നെ ഞങ്ങളുടെ ഉത്തരവാദിത്വബോധവും മാനസ്സിക നിലവാരവും ഉയർത്തികൊണ്ടുവന്നതിൽ അല്ലാഹുവിനോട് നന്ദി പറയുന്നു. ഈ ജുമാ മസ്ജിദിന്റെ നന്മമാത്രമായിരുന്നു ഞങ്ങളുടെ ചിന്തകളിൽ, ഇതിന്റെ പുരോഗതിയും വികസനവും മാത്രമായിരുന്നു ഞങ്ങളുടെ ചർച്ചകൾ, ഞങ്ങളുടെ കണ്ണുകളിലും സ്വപ്നങ്ങളിലും ഭാവിയിലെ ഈ മസ്ജിദിന്റെ അനശ്വരമായ സ്ഥാനത്തെ കുറിച്ചുമാത്രമാണ്. അതിനുള്ള മുന്നൊരുക്കങ്ങളും ബോധപൂർവ്വംതന്നെ മഹല്ല് കമ്മിറ്റി നടത്തിയിട്ടുണ്ട്. മഹല്ലിന് വിദേശസഹായം സ്വീകരിക്കുന്നതിന് വേണ്ടി FCRA സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ മഹല്ലിലേക്ക് സംഭാവന നൽകുന്നവർക്ക് ആദായനികുതിയിൽ ഇളവു ലഭിക്കുന്നതിനുള്ള 12A സർട്ടിഫിക്കറ്റിനായും അപേക്ഷയും സമർപ്പിച്ചിട്ടുണ്ട്. മസ്ജിദിന്റെ പേരിൽ ആദായനികുതി വകുപ്പിൽ നിന്ന് പാൻകാർഡും, പള്ളിയുടെ പേരിൽ മൊബൈൽഫോൺ കണക്ഷനും ലഭിച്ചിട്ടുണ്ട്. മഹല്ലിന്റെ കീഴിലുള്ള വിവിധ മദ്രസ്സകൾ മസ്ജിദുകൾ എന്നിവയുടെ ആധാരരേഖകളും പട്ടയങ്ങളും അത് ലഭിച്ച കാലഘട്ടത്തിലെ മദ്രസ്സാ കമ്മിറ്റി ഭാരവാഹികളുടെ പേരിലായിരുന്നത് മഹല്ലിന്റെ പേരിലാക്കിയിട്ടുള്ളതും ടി സ്വത്തുക്കളെല്ലാം തന്നെ ബഹുമാനപ്പെട്ട കേരള വഖഫ് ബോർഡിൽ റെക്കോഡാക്കി സർട്ടിഫിക്കറ്റ് വാങ്ങിയിട്ടുള്ളതുമാണ്.

23.06.2013 ൽ കൂടിയ മഹല്ല് പൊതുയോഗം എടുത്ത ചരിത്രപരമായ തീരുമാനം അനുസരിച്ചുള്ള നമ്മുടെ മസ്ജിദിന്റെ പുനർനിർമ്മാണം സംബന്ധിച്ച് പേപ്പർ ജോലികൾ പുരോഗമിച്ചു വരികയാണ്. വളരെയധികം ചർച്ചകൾ ആവശ്യമുള്ള പദ്ധതിയുടെ പ്ലാനും എസ്റ്റിമേഷനും സാങ്കേതികവും, പ്രായോഗികവുമായ ബുദ്ധിമുട്ടുകൾ തരണം ചെയ്ത് നഗരസഭയുടെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട കേരള ചീഫ് സെക്രട്ടറിയുടെ മസ്ജിദ് സന്ദർശനവേളയിൽ പള്ളിയുടെ പുനരുദ്ധാരണപ്രവർത്തനങ്ങളുടെ വിവരങ്ങൾ ആരായുകയും ആവശ്യമായ എല്ലാ സഹായങ്ങളും മഹല്ല് കമ്മിറ്റിക്ക് നൽകുന്നതിന് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. മസ്ജിദ് നിർമ്മാണത്തിന് ചീഫ് ടൗൺ പ്ലാനറുടെ അനുമതി ലഭിക്കുമ്പോഴേക്കും നിർമ്മാണത്തിനാവശ്യമായ ഫണ്ട് കൂടി സ്വരൂപിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. നിർമ്മാണത്തിന് ആവശ്യമായ മുഴുവൻ ഫണ്ടും മഹല്ല് കമ്മിറ്റിയുടെ ബാങ്ക് അക്കൗണ്ടിൽ ലഭ്യമായതിന് ശേഷം മാത്രമേ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുകയുള്ളൂവെന്ന് കമ്മിറ്റി നിശ്ചയിച്ചിട്ടുണ്ട്.

മസ്ജിദിന്റെ പുരോഗതിക്ക് ആവശ്യമായ ഒട്ടനവധി നിർദ്ദേശങ്ങൾ മഹല്ല് കമ്മിറ്റിയുടെ പരിഗണനയിൽ ഉള്ളതാണ്. അടുത്ത ഭരണസമിതിയുടെ സജീവ പരിഗണനയ്ക്കായി ഇത് സമർപ്പിക്കുന്നു. (1) സാമ്പത്തികമായി സ്വയം പര്യാപ്തമാകുന്ന ഒരു സമൂഹമായി ചേരമാൻ മഹല്ല് മാറേണ്ടതുണ്ട്. പലിശ കടങ്ങളാൽ വീർപ്പ് മുട്ടുന്ന മഹല്ല് അംഗങ്ങൾക്ക് പലിശ രഹിത വായ്പ നൽകുന്നതിനുള്ള ഒരു ബൃഹത്തായ പദ്ധതി മഹല്ല് കമ്മിറ്റി ചർച്ച ചെയ്തിട്ടുള്ളതാണ്. പുതിയ കമ്മിറ്റിയ്ക്ക് അതിന്റെ വിശദവിവരങ്ങൾ കമ്മിറ്റി നൽകുന്നതാണ്. (2) ഖുർആൻ പഠനക്ലാസ്സുകളിൽ നമ്മുടെ സഹോദരിമാർ വിവിധ മദ്രസ്സകളിൽ നിത്യവും പങ്കെടുത്ത് വരുന്നുണ്ട്. അവർക്ക് ഇസ്ലാമിന്റെ കർമ്മപരമായി കാര്യങ്ങൾ പഠിപ്പിക്കുവാനും പ്രശസ്തരായ പണ്ഡിതരുടെ പ്രഭാഷണങ്ങൾ അവർക്ക് കേൾക്കാനും ഇസ്ലാമിക ദർശനത്തിന്റെ സൗന്ദര്യവും ഇസ്ലാമിക ചരിത്ര സംഭവങ്ങളുടെ നേർകാഴ്ചകളും അവർക്ക് കാണുന്നതിന് ഒരു ഡിജിറ്റൽ തിയേറ്റർ സജ്ജമാക്കണമെന്നും കമ്മിറ്റിയുടെ പരിഗണനയിലുള്ളതാണ്. ഇത് ട്യൂഷൻ വിദ്യാർത്ഥികളുടെ സ്മാർട്ട് ക്ലാസ് റൂമായും ഉപയോഗപ്പെടുത്താവുന്നതാണ്. (3) മറ്റു മഹല്ലുകളേക്കാൾ മുന്നേ സഞ്ചരിക്കുന്ന നമ്മളിലെ പോരായ്മകൾ നാം തിരിച്ചറിയേണ്ടതും സ്ത്രീശാക്തീകരണ രംഗത്ത് നാം ഏറെ പിന്തള്ളപ്പെട്ടുപോയതായി സ്വയം വിമർശനത്തോടെ വിലയിരുത്തേണ്ടതുമാണ്. നമ്മുടെ സഹോദരിമാരെ മുൻനിരയിലേക്ക് കൊണ്ടുവരാനും അവരിലെ സംഘടിത ശക്തിയെ ഉണർത്താനും അടുത്ത കമ്മിറ്റി കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. (4) മഹല്ലിന്റെ ദൈനംദിന കാര്യങ്ങളും അറിയിപ്പുകളും വിജ്ഞാനപ്രദമായ ലേഖനങ്ങളും വിദ്യാർത്ഥികൾക്കാവശ്യമായ ഗൈഡൻസുകളുമെല്ലാം ഉൾക്കൊള്ളുന്ന ത്രൈമാസ ബുള്ളറ്റിൻ പ്രസിദ്ധീകരിക്കുന്നതിന് മഹല്ല് കമ്മിറ്റി ആലോചിച്ചിരുന്നതും സാങ്കേതിക കാരണങ്ങളാൽ വൈകിപോയതുമാണ്. ഈ കാര്യത്തിലും അടുത്ത ഭരണസമിതി ശ്രദ്ധചെലുത്തേണ്ടതും, മഹല്ലിന്റെ ത്രൈമാസ ബുള്ളറ്റിൻ പ്രസിദ്ധീകരിക്കുന്നതിന് സ്ഥിരം സംവിധാനം ഒരുക്കുകയും ചെയ്യേണ്ടതാണ്. (5)കാർഷിക സംസ്കാരം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പച്ചക്കറി കൃഷി ചെയ്യാൻ താല്പര്യമുള്ള മഹല്ല് അംഗങ്ങൾക്ക് കൃഷിവകുപ്പുമായി സഹകരിച്ച് സൗജന്യമായി വിത്തും വളവും, കൃഷി പഠനക്ലാസുകളും ലഭ്യമാക്കുന്നതിനും കമ്മിറ്റി തീരുമാനിച്ചിട്ടുള്ളതാണ്. ടി കാര്യവും നടപ്പിലാക്കാൻ അടുത്ത ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്. (6) ടി.കെ.എസ്. പുരം പള്ളിയുടെ വികസനം, (7) വി.പി. തുരുത്ത് മസ്ജിദിന് മുകളിൽ ട്രസ്സ് വർക് ചെയ്ത് മദ്രസ്സയ്ക്ക് സൗകര്യം വർദ്ധിപ്പിക്കൽ, (8) കടുക്കച്ചുവട് മസ്ജിദിന് സ്ഥലം വാങ്ങൽ, തുടങ്ങിയവയും പുതിയ കമ്മിറ്റി അടിയന്തിരമായി നിർവ്വഹിക്കേണ്ട കാര്യങ്ങളാണ്. വിവിധ വകുപ്പുകളിൽ നിന്നും മഹല്ലിന് ലഭിക്കേണ്ട ഒട്ടനവധി കാര്യങ്ങൾക്കായി മഹല്ല് കമ്മിറ്റി നിവേദനങ്ങൾ സമർപ്പി

ച്ചിട്ടുള്ളതും ബന്ധപ്പെട്ട അധികാരികളുമായി നിരന്തരം സമ്പർക്കം പുലർത്തിവരുന്നതുമാണ്. (9) ടൂറിസം വകുപ്പിൽ നിന്ന് ഇസ്‌ലാമിക പൈതൃക മ്യൂസിയത്തിന് ഏകദേശം 1 കോടി രൂപയുടെ നിർമ്മാണപ്രവർത്തനങ്ങൾ അവശേഷിക്കുന്നത് നേടിയെടുക്കാൻ നാം ശ്രദ്ധിക്കേണ്ടതുണ്ട്. (10) കൂടാതെ മസ്ജിദ് കോമ്പൗണ്ടിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് ടൂറിസം വകുപ്പ് തത്വത്തിൽ സമ്മതിച്ചിട്ടുള്ളതാണ്. ആയത് നേടിയെടുക്കാനും (11) മ്യൂസിയത്തിന് ചുറ്റും ഏകദേശം 3500 സ്ക്വയർ ഫീറ്റ് വിസ്തൃതിയിൽ ടൈൽ വിരിയ്ക്കുന്നതിനുള്ള പദ്ധതി അനുവദിച്ചിട്ടുള്ളത് നടപ്പിലാക്കുവാനും നാം ജാഗ്രത പുലർത്തേണ്ടതാണ്.

ഇനിയും ഏറെ ചെയ്യാനും ഏറെ കടമ്പകൾ താണ്ടാനുണ്ടെന്നതും ഞങ്ങൾ മനസ്സിലാക്കുന്നു. ദീർഘകാലത്തെ ഞങ്ങളുടെ സേവനങ്ങളിൽ നിന്നും പ്രവർത്തനങ്ങൾകൊണ്ടും ഈ മഹല്ലിലെ ഛിദ്രതകൾ ഒഴിവാക്കിയെടുക്കാൻ കഴിഞ്ഞുവെന്ന തൃപ്തി ഞങ്ങൾക്കുണ്ട്. മഹല്ലിന്റെ കാര്യങ്ങൾ ഒരുപോലെ ചിന്തിക്കാനും ഒന്നിച്ച് പ്രവർത്തിക്കാനും അനുഭവങ്ങൾ പങ്കിടാനും കമ്മിറ്റിക്കൊപ്പം ഈ മഹല്ല് അംഗങ്ങൾക്കും കഴിയുന്നുവെന്നത് ഞങ്ങളെ സംബന്ധിച്ചിടത്തോളം അനുഭൂതിയാണ്. ഞങ്ങളെ വിമർശനങ്ങളെകൊണ്ട് വാക്കുമുട്ടിച്ചവരുടെ ലക്ഷ്യവും മഹല്ല് കമ്മിറ്റിയുടെ ലക്ഷ്യവും ഈ ജുമാ മസ്ജിദിന്റെ പ്രൗഢമായ ഭാവി മാത്രമായിരുന്നുവെന്നതാണ് ഈ ഭരണസമിതിയുടെ കാലഘട്ടത്തിന്റെ ഏറ്റവും വലിയ നേട്ടം. മേലിലും അങ്ങനെയാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

മഹല്ല് കമ്മിറ്റിയുടെ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുന്നതിൽ ഞങ്ങളെ ഏറെ സഹായിച്ചവരാണ് മഹല്ലിലെ 7 മദ്രസ്സയിലെ അഡ്വൈസറി കമ്മിറ്റിയിലെ അംഗങ്ങളും പരിസരവാസികളും. അവരോട് മഹല്ല് കമ്മിറ്റിക്കുള്ള കൃതജ്ഞത ഈ അവസരത്തിൽ രേഖപ്പെടുത്തട്ടെ. കഴിഞ്ഞ കുറെ വർഷങ്ങളായി മഹല്ലിന്റെ ഓഡിറ്റർമാരായി ജ. എൻ.എ. അലി, ജ. സി.എ. അബ്ദുൾ റഷീദ് എന്നിവർ പ്രതിഫലേച്ഛയില്ലാതെ സേവനം ചെയ്തുവരുന്നുണ്ട്. തന്റെ ആരോഗ്യസ്ഥിതി പോലും ശ്രദ്ധിയ്ക്കാതെയാണ് കഴിഞ്ഞ 24 വർഷമായി ജ. എൻ.എ. അലി സാഹിബ് മഹല്ലിന്റെ ഈ ഭരണഘടനാ പദവി കൈകാര്യം ചെയ്യുന്നതെന്നും ഈ അവസരത്തിൽ അംഗങ്ങളെ അറിയിക്കുന്നു. ഇരുവർക്കും നാഥൻ അർഹിക്കുന്ന പ്രതിഫലം നൽകട്ടെ. അതോടൊപ്പം മഹല്ലിന്റെ സൗജന്യ ആയുർവ്വേദ ക്ലിനിക്കിൽ പ്രതിഫലം വാങ്ങാതെ സേവനം ചെയ്യുന്ന ഡോ. കടമ്പോട്ട് അബ്ദുറഹിമാനോട് മഹല്ലിന്റെ നന്ദി രേഖപ്പെടുത്തുന്നു. 6 വർഷമായി ഈ മഹല്ലിന് സേവനം ചെയ്യുന്ന അദ്ദേഹത്തിനും നാഥൻ നന്മ പ്രധാനം ചെയ്യട്ടെ. കൂടാതെ മഹല്ലിലെ പണ്ഡിതൻമാർ അധ്യാപകർ തുടങ്ങി മഹല്ല് കമ്മറ്റിക്കാവശ്യമായ ഉപദേശനിർദ്ദേശങ്ങൾ നൽകി സഹായിച്ചിട്ടുള്ള വിവിധ സർക്കാർ വകുപ്പിലെ ഉദ്യോഗസ്ഥന്മാർക്കും തുടങ്ങി എല്ലാവർക്കും  മഹല്ല് കമ്മിറ്റിയുടെ നന്ദി രേഖപ്പെടുത്തുന്നു.

മഹല്ലിന്റെ ഉന്നമനം മാത്രം ആഗ്രഹിച്ച് ഞങ്ങളെ വിശ്വസിച്ച് അല്ലാഹുവിന്റെ ഈ ഭവനത്തിന്റെ പരിപാലനം ഞങ്ങളെ ഇക്കാലമത്രെയും ഏൽപ്പിച്ചു തന്ന മഹല്ല് നിവാസികൾക്കു മുന്നിൽ അഭിമാനത്തോടെയും ഒപ്പം എളിമയോടെയും ഒരു കാര്യം ഉണർത്തട്ടെ,  അവരുടെ സ്വപ്നങ്ങൾക്ക് വേണ്ടി ഞങ്ങൾ പ്രവർത്തിച്ചിട്ടുണ്ടെന്നും അതിന്റെ ഉത്തമ ഉദാഹരണമായി കേരളത്തിലെ മാതൃകാ മഹല്ലാണ് ഇതെന്ന് വിവിധ പ്രസിദ്ധീകരണങ്ങളിലൂടെ മലയാള നാടിന് മുന്നിൽ ഈ മഹല്ലിനെ അവതരിപ്പിക്കുകയും നിരവധി മഹല്ലുകൾ ഈ മഹല്ലിനെ മാതൃകയാക്കാൻ മത്സരിക്കുന്നതും നമ്മുടെ പ്രവർത്തനങ്ങളെ അനുകരിക്കാൻ തയ്യാറാവുന്നതും വർത്തമാന കാലഘട്ടത്തിൽ ഈ മസ്ജിദിന്റെ പരിപാലനത്തിന്റെ മാറ്റുകൂട്ടിയിട്ടുണ്ട്. മഹല്ലിന്റെ പ്രവർത്തനങ്ങൾ ഒരു കൈപുസ്തകമായി കേരള മുസ്‌ലിംങ്ങളും, ദീനി പ്രസ്ഥാനങ്ങളും നെഞ്ചേറ്റുന്ന അപൂർവ്വ കാഴ്ചയും ഈ കാലയളവിൽ ഉണ്ടായിട്ടുള്ളതിൽ ഞങ്ങൾക്കഭിമാനമുണ്ട്. ഇതിൽ ഞങ്ങളോടൊപ്പം നിന്ന മഹല്ല് അംഗങ്ങളോട് മഹല്ല് കമ്മിറ്റി നന്ദി പറയട്ടെ. ഒപ്പം

ഞങ്ങളിൽ നിന്ന് സംഭവിച്ചിട്ടുള്ള വീഴ്ചകൾക്ക് സർവ്വശക്തനോട് മാപ്പിരക്കുകയും ചെയ്യുന്നു.

ചേരമാൻ ജുമാമസ്ജിദ് മഹല്ലിന്റെ വർണ്ണാഭമായ ഭാവിയ്ക്ക് വേണ്ടിയും ഇന്ത്യാ ചരിത്രത്തിന്റെ വിസ്മയ കാഴ്ചയായി നമ്മുടെ മഹല്ല് മാറുന്നതിനും നമുക്ക് പ്രാർത്ഥിക്കാം. അതിനായി നന്മ യുടെ വാതായനങ്ങൾ നമുക്ക് തുറന്നിടാം. നമ്മുടെ വിടർന്ന കണ്ണുകളിലെ പ്രതീക്ഷകൾക്ക് മറുപടി നൽകാൻ സർവ്വശക്തനോട് ദുആ ചെയ്തുകൊണ്ട് ഈ റിപ്പോർട്ട് പൊതുയോഗ ചർച്ചയ്ക്കായി സമർപ്പിക്കുന്നു.

എന്ന്,

**എസ്.എ. അബ്ദുൽ ഖയ്യൂം**
സെക്രട്ടറി
ചേരമാൻ ജുമാ മസ്ജിദ് മഹല്ല് കമ്മിറ്റി

## ചേരമാൻ ജുമാ മസ്ജിദ് 2013–2014 സപ്ലിമെന്ററി ബഡ്ജറ്റ് പൊതുയോഗത്തിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

| നമ്പർ | ഇനം | പ്രതീക്ഷിച്ച ചെലവ് | യഥാർത്ഥ ചെലവ് | അധിക ചെലവ് |
|---|---|---|---|---|
| 1 | ടെലഫോൺ | 20,000 | 24,201 | 4,201.00 |
| 2 | മദ്രസ്സകൾ | 2,00,000 | 8,51,672 | 6,51,672.00 |
| 3 | ശമ്പളം, അലവൻസ് | 28,00,000 | 30,29,840 | 2,29,840.00 |
| 4 | മദ്രസ്സ ഗ്രാന്റ് | 1,30,000 | 1,36,700 | 6,700.00 |
| 5 | മെസ്സ് | 2,00,000 | 2,69,083 | 69,083.00 |
| 6 | നബിദിനം | 60,000 | 63,239 | 3,239.00 |
| 7 | മദ്രസ്സ ട്യൂഷൻ | 4,50,000 | 4,76,045 | 26,045.00 |
| 8 | മസ്ജിദ് | 4,00,000 | 5,37,145 | 1,37,145.00 |
| 9 | യാത്ര | 20,000 | 27,565 | 7,565.00 |
| 10 | കൊമേഴ്സ്യൽ കോംപ്ലക്സ് നിർമ്മാണം | 23,00,000 | 82,58,344 | 59,58,344.00 |
| | | | ആകെ | 70,93,834.00 |
| | | | | |
| | | | | |
| | | | | |

**മഹല്ല് കമ്മറ്റിക്ക് വേണ്ടി,**
**എസ്.എ. അബ്ദുൽ കയ്യൂം** (ഒപ്പ്)
സെക്രട്ടറി, ചേരമാൻ മഹല്ല് കമ്മറ്റി

# ചേരമാൻ ജുമാ മസ്ജിദ് മഹല്ല് കമ്മറ്റിയുടെ
# 01-04-2013 മുതൽ 31-03-2014 വരെയുള്ള കാലയളവിലെ

## ഓഡിറ്റ് റിപ്പോർട്ട്

ചേരമാൻ ജുമാമസ്ജിദ് മഹല്ല് ഭരണസമിതിയുടെ ഒരു വർഷത്തെ വരവ് ചെലവ് കണക്കുകളും താഴെ പറയുന്ന രേഖകളും വിശദമായ പരിശോധനയ്ക്ക് വിധേയമാക്കി.

1. രശീതി ബുക്ക്
2. വൗച്ചർ
3. പേരേട്
4. നാൾവഴി
5. മഖ്ബറ കൂപ്പൺ, സ്റ്റോക്ക് രജിസ്റ്റർ
6. വിവാഹ സഹായനിധി രശീതി, നാൾവഴി, വൗച്ചർ,
7. ബാങ്ക് പാസ്ബുക്ക്,
8. മിനിറ്റ്സ് ബുക്ക്,
9. ലോൺ രജിസ്റ്റർ,
10. വാടക രജിസ്റ്റർ
11. ഗോൾഡ് രജിസ്റ്റർ
12. അക്വിറ്റൻസ് രജിസ്റ്റർ,
13. അറ്റന്റൻസ് രജിസ്റ്റർ,
14. രശീതി രജിസ്റ്റർ
15. സക്കാത്ത്, ഫിത്വർ സക്കാത്ത്, വുളുഹിയത്ത്

എന്നിവയുടെ വൗച്ചർ, രശീതി, നാൾവഴി

മേൽരേഖകളെല്ലാം കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. വാർഷിക വരവ് ചെലവ് സ്റ്റേറ്റ്മെന്റ് ഇതോടൊപ്പം ചേർക്കുന്നു. പരിശോധിച്ച കണക്കുകളിൽ കാര്യമായ അപാകതകൾ ഇല്ല എന്നു പറയുന്നതിൽ സന്തോഷമുണ്ട്. ശ്രദ്ധയിൽപെട്ട ന്യൂനതകൾ താഴെ ചേർക്കുന്നു.

1. കേന്ദ്ര വഖഫ് ബോർഡിൽ നിന്നും കോമേഴ്സ്യൽ കോംപ്ലക്സിന്റെ നിർമ്മാണാവശ്യങ്ങൾക്ക് വേണ്ടി ലോൺ വാങ്ങുന്നതിന് സമർപ്പിക്കുവാൻ തയ്യാറാക്കിയ സ്റ്റേറ്റ്മെന്റിന് Vr No: 8/13, Dtd .02.04.2013 പ്രകാരം 10000/-ക. ചാർട്ടേഡ് അക്കൗണ്ടന്റിന് ഫീസ് നൽകിയതായി കാണുന്നു. എന്നാൽ ടി കാര്യത്തിൽ കൂടുതൽ നടപടികൾ ഉണ്ടായതായി കാണുന്നില്ല.

2. മഹല്ല് കമ്മറ്റി നടത്തി വരുന്ന സൺഡേ മദ്രസയിൽ, ക്ലാസ്സ് നടത്തുന്നതിന് വിവിധ ദിവസങ്ങളിലായി അദ്ധ്യാപകർക്ക് 4500 ക. വേതനം നൽകിയതായി കാണുന്നു. പ്രാപ്തരായ അദ്ധ്യാപകർ മഹല്ലിൽ ഉണ്ടായിരുന്നിട്ടും കുട്ടികൾക്ക് ക്ലാസ്സെടുക്കുവാൻ വേതനം നൽകി പുറത്തു നിന്ന് അദ്ധ്യാപ

1. കേന്ദ്ര വഖഫ് ബോർഡിൽ നിന്നും നിർമ്മാണപ്രവർത്തനങ്ങൾക്ക് വായ്പ വാങ്ങുന്നതിനായി സംസ്ഥാന വഖഫ് ബോർഡിന്റെ നിർദ്ദേശപ്രകാരം ചാർട്ടേഡ് അക്കൗണ്ടന്റിനെ കൊണ്ട് റിപ്പോർട്ട് തയ്യാറാക്കിയ വകയിലെ ചെലവ് സംഖ്യയാണിത്. വായ്പ ലഭിക്കാൻ ഏറെ താമസം നേരിടുമെന്ന് പിന്നീട് മനസ്സിലായതിനാലും ബോർഡിന്റെ ലാഭവിഹിതം കൂടുതലായതിനാലും പദ്ധതി തൽക്കാലം മാറ്റിവെച്ചിട്ടുള്ളതും അംഗങ്ങളിൽ നിന്ന് വായ്പ എടുത്ത് നിർമ്മാണപ്രവർത്തനങ്ങൾ നടത്തി വരുന്നതുമാണ്.

2. ഈ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനു പുറമെ നിന്നുള്ള അധ്യാപകർ ഇടയ്ക്ക് ഉണ്ടാകുമ്പോൾ കുട്ടികൾക്ക് കൂടുതൽ പുതുമ തോന്നുന്നതും, ക്ലാസിൽ താല്പര്യം കാണിക്കുന്നതും ശ്രദ്ധേയമാണ്. ഇപ്പോൾ മഹല്ലിൽ നിന്നുള്ള അധ്യാപകർ മാത്രമാണ് ക്ലാസ് നടത്തുന്നത്.

കരെ കൊണ്ടുവന്നത് ശരിയായ നടപടിയല്ല. ടി കാര്യത്തിൽ മുൻപൊതുയോഗം വിശദമായ ചർച്ചകൾ നടത്തിയിട്ടുള്ളതാണ്.

3. മസ്ജിദ് വക പണി പൂർത്തീകരിച്ച് വന്ന കൊമേഴ്സ്യൽ കോംപ്ലക്സ് ലിഫ്റ്റ് റൂമിനു വേണ്ടി കെട്ടിടത്തിന്റെ മെയിൻ സ്ലാബുകൾ മുറിച്ചു നീക്കിയതിന് 9600/- രൂപ ചെലവ് ചെയ്തിട്ടുണ്ട്. വിപുലമായ ഒരു നിർമ്മാണ പ്രവർത്തനത്തിൽ ആവശ്യമായ ആസൂത്രണം ഇല്ലാതിരുന്നതിനാലാണ് ഇത്തരത്തിലുള്ള പാഴ് ചെലവ് ഉണ്ടായിട്ടുള്ളത്.

4. നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഫണ്ട് കണ്ടെത്താതെ മഹല്ലിന്റെ തനത് വരുമാനം മാത്രം ഉപയോഗിച്ച് കോടികൾ ചെലവ് വരുന്ന നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചതിനാൽ മഹല്ലിൽ സാമ്പത്തിക പ്രതിസന്ധിയുണ്ടായിട്ടുള്ളതായി ഓഡിറ്റിൽ ബോദ്ധ്യമാകുന്നു. 2014 ജനുവരി മാസത്തെ ജീവനക്കാരുടെ ശമ്പളം പോലും വൈകിയാണ് വിതരണം ചെയ്തിട്ടുള്ളത്. 23-06-2013 ലെ പൊതുയോഗത്തിന്റെ, 13-ാം നമ്പർ ഓഡിറ്റ് പരാമർശത്തിന് മഹല്ല് കമ്മറ്റി നൽകിയ വിശദീകരണത്തിൽ കൂടുതൽ ധനസമാഹരണത്തിന് മഹല്ല് ആലോചിച്ചുവരുന്നുണ്ടെന്നും വ്യക്തമാക്കിയിരുന്നു. എന്നാൽ ടി കാര്യത്തിൽ യാതൊരു നടപടിയും കമ്മറ്റി സ്വീകരിച്ചിട്ടുള്ളതായി കാണാനില്ല. മാത്രമല്ല ഈ സാമ്പത്തിക വർഷം 28 ലക്ഷം രൂപ നിർമ്മാണ പ്രവർത്തനങ്ങൾക്ക് കടമെടുത്തിട്ടുണ്ട്.

5. Vr: no: 2514/13 പ്രകാരം ഉപജില്ലാ കലോത്സവത്തിന് 1000/- ക.യും 2515/13 പ്രകാരം സ്നേഹനിലാവ് പരിപാടിക്ക് 2500/- ക.യും സംഭാവന നൽകിയിട്ടുണ്ട്. മഹല്ല് ഫണ്ട് ഇത്തരം കാര്യങ്ങൾക്ക് ഉപയോഗിക്കുന്നത് ശരിയായ നടപടിയാണെന്ന് തോന്നുന്നില്ല.

6. കുടുംബതർക്കങ്ങൾ, ദാമ്പത്യപ്രശ്നങ്ങൾ, പഠനക്ലാസ്സുകൾ, അഡ്വൈസറി കമ്മറ്റിയോ

3. മൂന്ന് നില ബിൽഡിംഗിനാണ് നഗരസഭയിൽ പ്ലാൻ സമർപ്പിച്ചിരുന്നതും നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിയതും പ്രധാന വർക്കുകൾക്ക് ശേഷമാണ് 4-ാമത് ഒരു നില ഭാവിയിൽ എടുക്കുകയാണെങ്കിൽ ലിഫ്റ്റിന് സൗകര്യമേർപ്പെടുത്തേണ്ടിവരുമെന്നറിഞ്ഞത്. ഭാവിയിലെ നിർമ്മാണ പ്രവർത്തനം കൂടി കണക്കിലെടുത്താണ് ലിഫ്റ്റിന് സൗകര്യം ചെയ്തിട്ടുള്ളത്.

4. നിർമ്മാണപ്രവർത്തനങ്ങൾക്ക് ഫണ്ട് കണ്ടെത്തുന്നതിന് കേന്ദ്രവഖഫ് ബോർഡിൽ നിന്നും കമ്മറ്റി വായ്പയ്ക്ക് ശ്രമിച്ചിരുന്നതാണ്. ഇത് മഹല്ലിന് നഷ്ടമുണ്ടാകുമെന്നതിനാൽ ഉപേക്ഷിച്ചതാണ്. ഏകദേശം മൂന്ന് കോടിയോളം രൂപ മുതൽ മുടക്കുന്ന പദ്ധതിക്ക് സാമ്പത്തിക പ്രതിസന്ധി സ്വാഭാവികമാണ്. മുഴുവൻ സംഖ്യയും സ്വരൂപിച്ചതിന് ശേഷം പണി തുടങ്ങിയാൽ ഇനിയും ഏറെ കാലതാമസം നേരിടുമായിരുന്നതും ഇത് ചെലവുകളിൽ വൻ വർദ്ധനയ്ക്കും കാരണമാവുകയും ചെയ്യും. പ്രതിസന്ധികൾക്കിടയിലും നിർമ്മാണപ്രവർത്തനങ്ങളും, മഹല്ലിന്റെ മറ്റുദൈനംദിന കാര്യങ്ങളും വീഴ്ച ഇല്ലാതെ നിർവ്വഹിക്കുന്നതിന് കമ്മറ്റി ശ്രമം നടത്തിയിട്ടുള്ളതും സർവ്വശക്തന്റെ അനുഗ്രഹം ഇക്കാര്യത്തിൽ നിർലോഭമുണ്ടായിട്ടുള്ളതുമാണ്.

5. സാംസ്കാരിക പരിപാടികൾക്ക് പരിമിതമായെങ്കിലും സംഭാവനകൾ നൽകി വരുന്നത് മഹല്ലിന്റെ നിലവിലുള്ള കീഴ്വഴക്കമാണ്. ടി കാര്യത്തിൽ പൊതുയോഗത്തിൽ മാർഗ്ഗനിർദ്ദേശം പാലിക്കുന്നതാണ്.

6. നമ്മുടെ മഹല്ലിൽ വിളിച്ച് ചേർക്കുന്ന യോഗങ്ങൾക്ക് നാം ആതിഥേയരെന്ന നിലയിൽ

ഗം, വിവാഹപൂർവ്വ കൗൺസിലിങ്ങ്, വിവാഹാനന്തര കൗൺസിലിംഗ് ക്ലാസ് തുടങ്ങിയ ഇനങ്ങളിലെ ചായചെലവ് ഇനത്തിൽ 29,705ക. ഈ സാമ്പത്തിക വർഷം ചെലവ് ചെയ്തിട്ടുണ്ട്. അതിനാൽ പള്ളി ഫണ്ട് ചെലവ് ചെയ്യുന്ന കാര്യത്തിൽ ബന്ധപ്പെട്ടവർ മിതത്വം പാലിക്കേണ്ടതാണ്.

7. വിദ്യാഭ്യാസ സഹായമായി 2013-14 വർഷം 1,83,925 രൂപ മഹല്ല് ഫണ്ടിൽ നിന്നും ചെലവ് ചെയ്തിട്ടുണ്ട്. ഇതിൽ 50,000/- രൂപ പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് നൽകിയിട്ടുള്ളത്. സൺഡേ മദ്രസയിൽ പങ്കെടുക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും സ്ക്കോളർഷിപ്പ് നൽകി വരുന്ന വിചിത്രമായ കാഴ്ച ഓഡിറ്റ് പരിശോധനയിൽ കാണാൻ കഴിയുന്നു. കഴിഞ്ഞ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ 10-ാം നമ്പറായി ടി കാര്യം മഹല്ല് പൊതുയോഗത്തിന്റെ ശ്രദ്ധയിൽ പെടുത്തിയിരുന്നതാണ്. കൂടാതെ ഖുർആൻ ക്ലാസ്സിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് സൗജന്യമായി ഓട്ടോറിക്ഷ, വിദ്യാർത്ഥികൾക്ക് മദ്രസയിൽ വരുന്നതിന് സൗജന്യ ഓട്ടോറിക്ഷ, കുട്ടികൾക്ക് ട്യൂഷൻ ക്ലാസിൽ വരുന്നതിന് സൗജന്യ വാഹന സൗകര്യം തുടങ്ങി നിരവധി ചെലവുകളാണ് മഹല്ല് ഫണ്ടിൽ നിന്നും നടത്തുന്നത്. മഹല്ല് സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്ന് പോകുമ്പോൾ ചെലവ് ചുരുക്കലിന് ശ്രമിക്കാതെ കമ്മറ്റി അമിത ചെലവുകൾ വരുത്തിവെക്കുന്നത് ഖേദകരമാണ്.

8. ലോകമലേശ്വരം മദ്രസ നിർമ്മാണത്തിന് ഈ സാമ്പത്തികവർഷം 6,39,199 ക. ചെലവ് ചെയ്തിട്ടുണ്ട്. ആയത് ബഡ്ജറ്റിൽ ഉൾപ്പെടുത്താതെയാണ് ഈ ചെലവ് നടത്തിയിട്ടുള്ളത്.

9. ശമ്പളം അഡ്വാൻസ് 15-ാം തീയ്യതിക്ക് മുൻപായി നൽകുന്നത് ഒഴിവാക്കണമെന്ന

ആവശ്യമായ കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്. കൂടാതെ കൗൺസിലിംഗ് ക്ലാസുകൾക്കും, സൺഡേ ക്ലാസുകൾക്കുമുള്ള ചായ ചെലവ് ഒഴിവാക്കാനും കഴിയില്ല. ചെലവിൽ മിതത്വം പാലിക്കാൻ കമ്മറ്റി കൂടുതൽ ശ്രദ്ധിക്കുന്നതാണ്.

7. മഹല്ലിന്റെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് പ്രത്യേകിച്ച് ദീനി രംഗത്ത് അമിത ചെലവാണെങ്കിലും ആവശ്യമായ പ്രോത്സാഹനങ്ങൾ നൽകാൻ മഹല്ല് ഭരണസമിതികൾക്ക് ബാധ്യതയുണ്ടെന്നാണ് കമ്മറ്റിയുടെ നിഗമനം ആയത്കൊണ്ട് തന്നെയാണ് കൂടുതൽ സൗകര്യങ്ങൾ നൽകി കുട്ടികളെ ക്ലാസിൽ എത്തിക്കുന്നതിനുള്ള മുഴുവൻ ശ്രമങ്ങളും കമ്മറ്റി ചെയ്തു വരുന്നത്. പഠനസഹായം വാങ്ങുന്ന വിദ്യാർത്ഥികൾ തികച്ചും അതിനർഹരാണെന്ന് അതാത് ഭാഗത്തെ മഹല്ല് കമ്മറ്റി അംഗങ്ങൾ സർട്ടിഫിക്കറ്റ് നൽകിയിട്ടുമുണ്ട്. ടി കാര്യങ്ങൾ മഹല്ല് കമ്മറ്റിയുടെ പ്രവർത്തന റിപ്പോർട്ടിൽ വിശദീകരിച്ചിട്ടുണ്ട്.

8. ലോകമലേശ്വരം മദ്രസ്സ കെട്ടിടത്തിന്റെ ഒരു ഭാഗം തകർന്നുവീഴാൻ സാധ്യതയുള്ളതിനാൽ അടിയന്തിരമായി ടി കെട്ടിടഭാഗം പൊളിച്ച് നീക്കേണ്ടതുണ്ടായിരുന്നു. 40ൽപരം കുട്ടികൾ പഠിക്കുന്ന മദ്രസ കെട്ടിടത്തിന്റെ കേടുപാടുകൾ തീർക്കാൻ വൈകിയാൽ സംഭവിക്കുമായിരുന്ന നഷ്ടങ്ങൾ എത്രയും വേഗം ഇത് പുതുക്കി പണിയുവാൻ കമ്മറ്റിയെ നിർബന്ധിതമാക്കി.

9. ജീവനക്കാരുടെ ഒഴിവാക്കാൻ പറ്റാത്ത ആവശ്യങ്ങൾക്ക് വേണ്ടിയാണ് അടിയന്തിര

| | |
|---|---|
| നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല, കൂടാതെ അക്വിറ്റൻസ് രജിസ്റ്ററിൽ റവന്യൂ സ്റ്റാമ്പ് പതിക്കാതെയാണ് മിക്കപ്പോഴും ശമ്പളം വിതരണം ചെയ്തിട്ടുള്ളത്. | സാഹചര്യങ്ങളിൽ അഡ്വാൻസ് അനുവദി ച്ചിട്ടുള്ളത്. മേലിൽ കർശനമായി നിയന്ത്രി ക്കുന്നതാണ്. |
| 10. മെസ്സ് ചെലവുകളിൽ സ്നാക്സ് വാങ്ങുന്ന ഇനത്തിൽ 21,600 ക. ചെലവ് ചെയ്തതായി കാണുന്നു. ഭക്ഷണം പാകം ചെയ്യുന്നതിന് എല്ലാവിധ സൗകര്യങ്ങളും പള്ളിവക മെസ്സിലുണ്ടായിട്ടും അതുപയോഗപ്പെടു ത്താതെ പുറമെ നിന്ന് ഭക്ഷണസാധന ങ്ങൾ വാങ്ങുന്ന ചെലവ് യാതൊരു കാര ണവശാലും ഓഡിറ്റ് അംഗീകരിക്കുന്നില്ല. | 10. ടി കാര്യങ്ങൾ മേലിൽ ആവർത്തിക്കാതിരി ക്കാൻ പൂർണ്ണമായും ശ്രദ്ധിക്കുന്നതാണ്. |
| 11. മസ്ജിദ് വക കെട്ടിടങ്ങളുടെ വാടക പിരി യ്ക്കുന്നതിൽ മഹല്ല് കമ്മറ്റി വളരെയധികം വീഴ്ച വരുത്തിയതായി കാണുന്നു. വാടക ക്കാരായ ഷാജി സി. മുഹമ്മദ് എന്ന വ്യക്തി 42,000 രൂപയും, ദിൽജിത്ത് എന്ന വ്യക്തി 24,000 രൂപയും വാടകക്കുടിശ്ശിക വരുത്തി യതായി കാണുന്നു. ഇത്തരം വ്യക്തികളിൽ നിന്ന് കെട്ടിടം ഒഴിപ്പിച്ച് വാങ്ങുന്നതിന് കമ്മറ്റി നടപടി സ്വീകരിക്കേണ്ടതാണ്. | 11. ടി വാടകക്കാരുടെ കുടിശ്ശികയുള്ള വാടക മഹല്ല് കമ്മറ്റി ഈടാക്കിയിട്ടുണ്ട്. വാടക പിരിയ്ക്കുന്നതിൽ കൂടുതൽ ശ്രദ്ധ ചെലു ത്തുന്നതും മേലിൽ കുടിശ്ശിക വരാതിരി ക്കാൻ ശ്രദ്ധിക്കുന്നതുമാണ്. |

## ഓഡിറ്റ് നിർദ്ദേശങ്ങൾ

1. മസ്ജിദിൽ സന്ദർശകരുടെ എണ്ണം നാൾക്കുനാൾ വർദ്ധിച്ച് വരികയാണ്. പള്ളിയുടെ സുരക്ഷിതത്വത്തിന് മഹല്ല് കമ്മറ്റി കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്. സന്ദർശകരുടെ വിവരങ്ങൾ സൂക്ഷിക്കുവാനാകുന്ന വിധത്തിൽ നിരീക്ഷണ ക്യാമറ പള്ളിയിലും കോമ്പൗണ്ടിലും സ്ഥാപിക്കുന്നത് ഉചിതമായിരിക്കും.

2. ചേരമാൻ ജുമാ മസ്ജിദ് മഹല്ലിന്റെ പുരോഗതിക്കും വികസനത്തിനുമായി നിരവധി നിർദ്ദേശങ്ങൾ കാലാ കാലങ്ങളിലെ ഓഡിറ്റർമാർ മഹല്ല് പൊതുയോഗം മുമ്പാകെ ചർച്ചയ്ക്ക് സമർപ്പിച്ചിട്ടുള്ളതും, ഒട്ടുമിക്കതും മഹല്ല് പൊതുയോഗതീരുമാനങ്ങളായി അംഗീകരിക്കപ്പെട്ടിട്ടുള്ളതുമാണ്. എന്നാൽ ഈ തീരുമാനങ്ങൾ നടപ്പാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിന് മഹല്ല് പൊതുയോഗത്തിൽ നിന്നോ കമ്മറ്റിയിൽ നിന്നോ ഒരു മോണിറ്ററിംഗ് സമിതിയെ നിയമിക്കുന്നത് ഉചിതമായിരിക്കും.

3. പള്ളിയുടെ തെക്കേപറമ്പിൽ നിർമ്മാണം പൂർത്തീകരിച്ചുവരുന്ന കൊമേഴ്സ്യൽ കോംപ്ലക്സ് കെട്ടിടത്തിന് 31.03.2014 വരെ 1.29 കോടി രൂപ ചെലവ് ചെയ്തിട്ടുണ്ട്. നിർമ്മാണ പൂർത്തീകരിക്കുമ്പോൾ മഹല്ലിന് ഇത് എക്കാലത്തേയും വരുമാന സ്രോതസ്സായി നിലകൊള്ളുമെന്നതിനാൽ ഇതിന് മുൻകൈയ്യെടുത്ത മഹല്ല് കമ്മറ്റിയെ പ്രത്യേകം അഭിനന്ദിക്കുന്നു.

4. മസ്ജിദിന്റെ കണക്കുകളും റെക്കോർഡുകളും സൂക്ഷിക്കുന്നതിൽ ഓഫീസ് ഉദ്യോഗസ്ഥർ വളരെയധികം കൃത്യത പുലർത്തുന്നതിൽ ഓഡിറ്റിനുള്ള സന്തോഷം രേഖപ്പെടുത്തുന്നു.

<u>ഓഡിറ്റേഴ്സ്</u>

**എൻ.എ. അലി** (ഒപ്പ്)

**സി.എ. അബ്ദുൾ റഷീദ്** (ഒപ്പ്)

# ചേരമാൻ ജുമാ മസ്ജിദ് ഭരണസമിതി

## വാർഷിക വരവ് ചെലവ് സ്റ്റേറ്റ്മെന്റ് 2013-2014

| നമ്പർ | വരവ് | സംഖ്യ | നമ്പർ | ചെലവ് | സംഖ്യ |
|---|---|---|---|---|---|
| 1. | സംഭാവന | 21,20,179.00 | 1. | നികുതി | 16,493.00 |
| 2. | ലേലം | 2,20,342.00 | 2. | വിദ്യാഭ്യാസ സഹായം | 1,83,520.00 |
| 3. | ഭണ്ഡാരം | 34,55,143.00 | 3. | പുരപണി സഹായം | 61,000.00 |
| 4. | മഖ്ബറ | 24,36,225.00 | 4. | ചെക്ക് കമ്മീഷൻ | 276.00 |
| 5. | വരിസംഖ്യ | 1,80,625.00 | 5. | മസ്ജിദ് പേരിൽ | 5,37,145.00 |
| 6. | വിവാഹഫോറം | 870.00 | 6. | ഇലക്ട്രിസിറ്റി | 1,64,165.00 |
| 7. | വിവാഹഫീസ് | 43,800.00 | 7. | വിവാഹ സഹായം | 1,60,000.00 |
| 8. | മെമ്പർഷിപ്പ് ഫീസ് | 1,600.00 | 8. | മദ്രസ്സകൾക്ക് നൽകിയ ഗ്രാന്റ് | 1,36,700.00 |
| 9. | സർട്ടിഫിക്കറ്റ് ഫീസ് | 580.00 | 9. | ശമ്പളം | 27,80,790.00 |
| 10. | വാടക | 8,21,800.00 | 10. | കൊമേഴ്സ്യൽ കോംപ്ലക്സ് | 82,58,344.00 |
| 11. | വെളിച്ചെണ്ണ വിറ്റുവരവ് | 2,78,941.00 | 11. | റംസാൻ അലവൻസ് | 2,49,050.00 |
| 12. | പറമ്പിൽ നിന്നുള്ള വരവ് | 6,610.00 | 12. | പറമ്പ് പേരിൽ | 3,735.00 |
| 13. | മരണാനന്തര സഹായ ഫണ്ട് | 3,06,735.00 | 13. | മരണാനന്തര സഹായഫണ്ട് | 2,20,872.00 |
| 14. | പൊതുതാൽപര്യഫണ്ട് | 15,604.00 | 14. | മഹല്ല് അംഗങ്ങളല്ലാത്തവർക്കുള്ള സഹായം | 27,750.00 |
| 15. | ക്യാഷൻ ഡെപ്പോസിറ്റ് | 26,41,000.00 | 15. | ക്യാഷൻ ഡെപ്പോസിറ്റ് റീഫണ്ട് | 99,000.00 |
| 16. | ചരിത്ര പുസ്തകം വിൽപ്പന | 35,360.00 | 16. | വാടകകെട്ടിടം മെയിന്റനൻസ് | 12,500.00 |
| 17. | റാത്തീബ് | 20,024.00 | 17. | റാത്തീബ് | 16,771.00 |
| 18. | കോട്ടപ്പുറം മദ്രസ്സ | 8,370.00 | 18. | കോട്ടപ്പുറം മസ്ജിദ് & മദ്രസ്സ | 1,10,306.00 |
| 19. | അഞ്ചപ്പാലം മദ്രസ്സ | 3,561.00 | 19. | അഞ്ചപ്പാലം മദ്രസ്സ | 9,156.00 |
| 20. | വി.പി. തുരുത്ത് മദ്രസ്സ | 8,277.00 | 20. | വി.പി. തുരുത്ത് മദ്രസ്സ | 13,159.00 |
| 21. | ലോൺ തിരിച്ചടവ് | 97,000.00 | 21. | ജീവനക്കാർക്ക് നൽകിയ ലോൺ | 10,000.00 |
| 22. | നോമ്പ്തുറക്കൽ | 2,53,891.00 | 22. | നോമ്പ് തുറക്കൽ | 3,02,309.00 |
| 23. | ലോകമലേശ്വരം മദ്രസ്സ | 2,500.00 | 23. | നബിദിനാഘോഷം | 63,239.00 |
| 24. | വിദേശ കറൻസി മാറിയത് | 35,195.00 | 24. | മെസ്സ് | 2,69,083.00 |
| 25. | സ്വർണ്ണംവിറ്റുവരവ് | 59,916.0 | 25. | വിവാഹ സെസ്സ്, സമൂഹവിവാഹ ഫണ്ടിലേക്ക് | 69,500.00 |
| 26. | വിവാഹ സെസ്സ് | 69,500.00 | 26. | വിശ്രമകേന്ദ്രം | 2,710.00 |
| 27. | വിശ്രമകേന്ദ്രം | 2,01,245.00 | 27. | മദ്രസ്സ ട്യൂഷൻ | 4,76,045.00 |
| 28. | മദ്രസ്സകൾക്ക് സർക്കാർ ഗ്രാന്റ് | 7,56,000.00 | 28. | കടുക്കച്ചുവട് മദ്രസ്സ | 8,574.00 |
| 29. | നിർമ്മാണപ്രവർത്തനങ്ങൾക്ക് |  | 29. | ലോകമലേശ്വരം മദ്രസ്സ | 6,39,199.00 |
|  | വാങ്ങിയ ലോൺസംഖ്യ | 20,00,000.00 | 30. | ടി.കെ.എസ്. പുരം മദ്രസ്സ | 71,278.00 |
| 30. | സമൂഹ വിവാഹ ഫണ്ടിൽ നിന്ന് |  | 31. | വി.ഐ.പി. സന്ദർശനം | 12,338.00 |
|  | അഡ്വാൻസ് | 8,00,000.00 | 32. | ഹെൽത്ത് കെയർ ഇൻസ്റ്റിറ്റ്യൂട്ട് സംഭാവന | 6,000.00 |
|  |  |  | 33. | ചികിത്സാ സഹായം | 74,750.00 |
|  |  |  | 34. | വഖ്ഫ് ബോർഡ് വിഹിതം | 1,12,102.00 |

# ചേരമാൻ ജുമാ മസ്ജിദ് ഭരണസമിതി

## വാർഷിക വരവ് ചെലവ് സ്റ്റേറ്റ്മെന്റ് 2013-2014

| നമ്പർ | വരവ് | സംഖ്യ | നമ്പർ | ചെലവ് | സംഖ്യ |
|---|---|---|---|---|---|
| | | | 35. | പൊതുയോഗം | 45,794.00 |
| | | | 36. | യാത്രാ ചിലവ് | 27,565.00 |
| | | | 37. | സൗജന്യ മെഡിക്കൽ ക്ലിനിക് | 5,000.00 |
| | | | 38. | ടെലഫോൺ | 24,201.00 |
| | | | 39. | പെൻഷൻ പദ്ധതി | 1,39,800.00 |
| | | | 40. | പത്രം | 6,870.00 |
| | | | 41. | പോസ്റ്റ് പ്രിന്റിംഗ് സ്റ്റേഷനറി | 64,932.00 |
| | | | 42. | പൈതൃകമസ്ജിദ് നിർമ്മാണം | 13,350.00 |
| | | | 43. | ചരിത്രപുസ്തകം | 52,800.00 |
| | | | 44. | ലൈബ്രറി | 2900.00 |
| | | | 45. | നിർമ്മാണപ്രവർത്തനങ്ങൾക്ക് വാങ്ങിയ വായ്പ തിരിച്ച് നൽകിയത് | 10,00,000.00 |
| | ആകെ വരവ് | 1,68,80,893.00 | | ആകെ ചെലവ് | 1,65,61,071.00 |
| | Opening Cash Balance 01-04-12 | 6,300.00 | | Closing Cash Balance 31-03-13 | 946.00 |
| | Opening Bank Balance 01-04-12 | 4,13,083.00 | | Closing Bank Balance 31-03-13 | 7,38,259.00 |
| | | 1,73,00,276.00 | | | 1,73,00,276.00 |

# CHERAMAN JUMA MASJID, KODUNGALLUR

Bank Report as on 31.03.2014

| S.L. No. | Bank Name | Account No. | Amount |
|---|---|---|---|
| 1. | Town Co-operative Bank Evening Branch | 1654 | 2,137.00 |
| 2. | Indian Bank | 512068809 | 2,894.00 |
| 3. | Methala Service Bank | 2766 | 6,58,764.00 |
| 4. | Canara Bank | 136359 | 4,780.00 |
| 5 . | HDFC, Kottappuram | 15441770000010 | 29,997.00 |
| 6 . | Federal Bank | 13880100108992 | 39,687.00 |
| | | | |
| | **Total** | | **7,38,259.00** |

ഓഡിറ്റേഴ്സ്

**സി.എ. അബ്ദുൾ റഷീദ്** (ഒപ്പ്) **എൻ.എ. അലി** (ഒപ്പ്)

# ചേരമാൻ ജുമാ മസ്ജിദ് ഭരണസമിതി

## വുളുഹിയത്ത് വരവ് ചെലവ് സ്റ്റേറ്റ്മെന്റ് 2013-2014

| | | | |
|---|---|---|---|
| ഷെയർ വിഹിതം | 7,64,900.00 | 24 ബലി മൃഗങ്ങളുടെ വില | 6,03,500.00 |
| എല്ല്, തുകൽ വില്പന | 21,560.00 | വാഹനവാടക, യാത്ര | 25,000.00 |
| മുൻ ബാലൻസ് | 280.40 | വൈക്കോൽ, തവിട് | 39,775.00 |
| സമൂഹവിവാഹത്തിൽ നിന്നും അഡ്വാൻസ് | 4,00,000.00 | മൃഗപരിപാലനം | 18,000.00 |
| രണ്ട് മൃഗങ്ങളെ വിൽപ്പന നടത്തിയ വകയിൽ | 30,000.00 | അറവ് കൂലി | 73,600.00 |
| | | വിതരണം, ഓട്ടോ | 7,750.00 |
| | | എല്ല്, തുകൽ വില്പന സംഖ്യ, സമൂഹ വിവാഹ ഫണ്ടിലേക്ക് നൽകിയത് | 21,560.00 |
| | | വേസ്റ്റ്, കുഴിയെടുക്കൽ, ക്ലീനിംഗ് ജോലിക്കാരുടെ ഭക്ഷണം, കിറ്റ്,തൂക്കംപിടിക്കൽ ഡോക്ടർ ഫീ, മരുന്ന്, പന്തൽ, കയർ, ഓല | 27307.00 |
| | | സമൂഹവിവാഹ ഫണ്ടിലേക്ക് തിരിച്ചടവ് | 4,00,000.00 |
| | | നീക്കിയിരിപ്പ് | 248.40 |
| | | | |
| **ആകെ** | **12,16,740.40** | **ആകെ** | **12,16,740.40** |

## സക്കാത്ത് വരവ് ചെലവ് സ്റ്റേറ്റ്മെന്റ് 2013-2014

| | | | |
|---|---|---|---|
| രശീതി പ്രകാരം | 2,53,872.00 | സക്കാത്ത് വിതരണം 688 x 200 | 1,37,600.00 |
| | | സമൂഹ വിവാഹഫണ്ടിലേക്ക് നൽകിയത് | 1,16,272.00 |
| | | | |
| **ആകെ** | **2,53,872.00** | **ആകെ** | **2,53,872.00** |

## ഫിത്തർ സക്കാത്ത് വരവ് ചെലവ് സ്റ്റേറ്റ്മെന്റ് 2013-2014

| | | | |
|---|---|---|---|
| രശീതി പ്രകാരം വരവ് | 1,07,8,60.00 | അരി വില | 93,772.00 |
| ചാക്ക് വിൽപ്പന | 200.00 | അരി ഇറക്കിയ കൂലി, വാഹന വാടക | 1,816.00 |
| മുൻ ബാലൻസ് | 29.00 | കിറ്റ്, പാക്കിംഗ് | 4,600.00 |
| | | വിതരണക്കൂലി, ഓട്ടോ | 7,825.00 |
| | | നീക്കിയിരിപ്പ് സംഖ്യ | 76.00 |
| **ആകെ** | **1,08,089.00** | **ആകെ** | **1,08,089.00** |

## സമൂഹ വിവാഹം വരവ് ചെലവ് സ്റ്റേറ്റ്മെന്റ് 2013-2014

| | | | |
|---|---|---|---|
| ബക്കറ്റ് കളക്ഷൻ | 2,26,615.00 | 5 കുട്ടികളുടെ വിവാഹത്തിനുള്ള സഹായം | 5,00,000.00 |
| സംഭാവന | 10,19,600.00 | | |
| സക്കാത്ത് ഫണ്ടിൽ നിന്നുള്ള വരവ് | 1,16,272.00 | മസ്ജിദ് ഫണ്ടിലേക്ക് അഡ്വാൻസ് | 8,00,000.00 |
| എല്ല് തുകൽ വില്പനയിൽ വരവ് | 21,560.00 | ഉളുഹിയത്ത് അഡ്വാൻസ് | 4,00,000.00 |
| വിവാഹ സെസ്സ് | 69,500.00 | ബാലൻസ് നിക്ഷേപം | 3,98,635.00 |
| ബാങ്ക് ആദായം | 10,546.00 | | |
| മുൻ ബാലൻസ് ബാങ്ക് നിക്ഷേപം | 2,34,542.00 | | |
| ഉളുഹിയത്ത് റീഫണ്ട് | 4,00,000.00 | | |
| **ആകെ** | **20,98,635.00** | **ആകെ** | **20,98,635.00** |

ഓഡിറ്റേഴ്സ്

**സി.എ. അബ്ദുൾ റഷീദ്** (ഒപ്പ്) **എൻ.എ. അലി** (ഒപ്പ്)

| | ബഡ്ജറ്റ് വിശകലനം 2013 – 2014 | | | | | ബഡ്ജറ്റ് 2014 – 2015 | |
|---|---|---|---|---|---|---|---|
| | ഇനം | പ്രതീക്ഷിച്ച വരവ് | യഥാർത്ഥ വരവ് | പ്രതീക്ഷിച്ച ചെലവ് | യഥാർത്ഥ ചെലവ് | പ്രതീക്ഷിക്കുന്ന വരവ് | പ്രതീക്ഷിക്കുന്ന ചെലവ് |
| 1 | സംഭാവന | 15,00,000 | 21,20,179 | | | 25,00,000 | |
| 2 | ഭണ്ഡാരം | 27,00,000 | 34,55,143 | | | 40,00,000 | |
| 3 | മഖ്ബറ | 18,00,000 | 24,36,225 | | | 30,00,000 | |
| 4 | ലേലം | 3,00,000 | 2,20,342 | | | 2,50,000 | |
| 5 | വെളിച്ചെണ്ണ വിറ്റ് വരവ് | 1,75,000 | 2,78,941 | | | 2,25,000 | |
| 6 | പറമ്പ് | 5,000 | 6,610 | | | 5,000 | |
| 7 | നോമ്പ്തുറക്കൽ | 5,50,000 | 2,53,891 | 5,50,000 | 3,02,309 | 3,50,000 | 3,50,000 |
| 8 | വാടക | 8,50,000 | 8,21,800 | | | 10,00,000 | |
| 9 | വരിസംഖ്യ | 30,000 | 1,80,625 | | | 1,00,000 | |
| 10 | വിവാഹഫീസ് | 40,000 | 43,800 | | | 45,000 | |
| 11 | മെമ്പർഷിപ്പ് ഫീസ് | 500 | 1,600 | | | 1,500 | |
| 12 | ലൈബ്രറി | | | 1,00,000 | 2,900 | | |
| 13 | വിവാഹഫോറം | 800 | 870 | | | 900 | |
| 14 | സർഫിക്കറ്റ് ഫീസ് | 1,000 | 580 | | | 750 | |
| 15 | റാത്തീബ് | 25,000 | 20,024 | 25,000 | 16,771 | 25,000 | 25,000 |
| 16 | പൊതുതാല്പര്യഫണ്ട് | 25,000 | 15,604 | | | 25,000 | |
| 17 | മദ്രസ്സകൾ | | | 2,00,000 | 8,51,672 | | 2,00,000 |
| 18 | മസ്ജിദ് | | | 4,00,000 | 5,37,145 | | 5,00,000 |
| 19 | ശമ്പളം, അലവൻസ് | | | 28,00,000 | 30,29,840 | | 31,00,000 |
| 20 | ഇലക്ട്രിസിറ്റി | | | 2,00,000 | 1,64,165 | | 1,75,000 |
| 21 | ടെലഫോൺ | | | 20,000 | 24,201 | | 27,000 |
| 22 | യാത്ര | | | 20,000 | 27,565 | | 25,000 |
| 23 | മദ്രസ്സ ഗ്രാന്റ് | | | 1,30,000 | 1,36,700 | | 1,40,000 |
| 24 | ചികിത്സാ സഹായം | | | 1,50,000 | 74,750 | | 1,00,000 |
| 25 | വിവാഹ സഹായം | | | 2,00,000 | 1,60,000 | | 2,00,000 |
| 26 | പുരപണി സഹായം | | | 1,00,000 | 61,000 | | 1,00,000 |
| 27 | കൊമേഴ്സ്യൽ കോംപ്ലക്സ് | | | 23,00,000 | 82,58,344 | | 50,00,000 |
| 28 | പഠന സഹായം | | | 2,00,000 | 1,83,520 | | 2,00,000 |
| 29 | പോസ്റ്റ് പ്രിന്റിംഗ് സ്റ്റേഷനറി | | | 1,00,000 | 64,932 | | 1,00,000 |
| 30 | മെസ്സ് | | | 2,00,000 | 2,69,083 | | 2,75,000 |
| 31 | നബിദിനാഘോഷം | | | 60,000 | 63,239 | | 70,000 |
| 32 | മഹല്ല് തെരഞ്ഞെടുപ്പ് | | | 30,000 | | | 30,000 |
| 33. | മഹല്ല് പൊതുയോഗം | | | 55,000 | 45,794 | | 50,000 |
| 34. | കേരള വഖഫ് ബോർഡ് | | | 1,25,000 | 1,12,102 | | 1,25,000 |
| 35 | നികുതി | | | 50,000 | 16,493 | | 50,000 |
| 36 | ചെക്ക് കമ്മീഷൻ | | | 600 | 276 | | 600 |
| 37 | മരണാനന്തര സഹായഫണ്ട് | 2,75,000 | 3,06,735 | 2,75,000 | 2,20,872 | 2,75,000 | 2,75,000 |
| 38 | പത്രം | | | 3,000 | 6,870 | | 3,000 |
| 39 | ചരിത്രപുസ്തകം | 50,000 | 35,360 | 1,00,000 | 52,800 | 50,000 | 1,00,000 |
| 40 | വിശ്രമകേന്ദ്രം | 1,75,000 | 2,01,245 | 50,000 | 2,710 | 2,00,000 | 25,000 |
| 41 | മഹല്ലംഗങ്ങൾക്കല്ലാത്ത സഹായം | | | 50,000 | 27,750 | | 25,000 |
| 42 | സൗജന്യ മെഡിക്കൽ ക്ലിനിക്ക് | | | 50,000 | 5,000 | | 50,000 |
| 43 | മദ്രസ്സ ട്യൂഷൻ | 7,56,000 | 7,56,000 | 4,50,000 | 4,76,045 | 10,00,000 | 2,50,000 |
| 44. | ബിൽഡിംഗ് മെയിന്റനൻസ് | | | 50,000 | 12,500 | | 50,000 |
| 45. | പെൻഷൻ | | | 1,50,000 | 1,39,800 | | 1,50,000 |
| 46. | വിദേശകറൻസി, സ്വർണ്ണം വിൽപ്പന | | | | | 50,000 | |
| 47. | ലോൺ തിരിച്ചുനൽകൽ | | | | | | 12,00,000 |
| 48. | കരുതൽ സംഖ്യ | | | | | | 1,32,550 |
| | **ആകെ** | | | | | **1,31,03,150** | **1,31,03,150** |

# അറിയിപ്പ്

1. മഹല്ലിന്റെ വിദ്യാഭ്യാസ അവാർഡുകൾ 01.06.2014 ൽ കൂടുന്ന മഹല്ല് വാർഷിക പൊതുയോഗത്തിൽ വെച്ച് വിതരണം ചെയ്യുന്നതാണ്. എസ്.എസ്.എൽ.സി., പ്ലസ്ടു, ഡിഗ്രി, തുടങ്ങിയ കോഴ്സുകളിൽ മഹല്ലിൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങിയ വിദ്യാർത്ഥികൾ വിദ്യാഭ്യാസ അവാർഡിനായുള്ള അപേക്ഷകളും, മാർക്ക് ലിസ്റ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും ഉൾപ്പെടെ 25.05.2014 ന് മുമ്പായി മഹല്ല് കമ്മറ്റി ഓഫീസിൽ നൽകേണ്ടതാണ്.

2. എസ്.എസ്.എൽ.സി. കഴിഞ്ഞ വിദ്യാർത്ഥികൾക്ക് മഹല്ല് കമ്മറ്റി നൽകി വരുന്ന സ്കോളർഷിപ്പിനുള്ള അപേക്ഷകൾ 30-06-2014 ന് മുമ്പ് മഹല്ല് കമ്മറ്റി ഓഫീസിൽ നൽകേണ്ടതാണ്. അപേക്ഷകർ അവസാനമെഴുതിയ പൊതുപരീക്ഷയുടെ മാർക്ക് ലിസ്റ്റും പഠിക്കുന്ന സ്ഥാപനത്തിന്റെ സർട്ടിഫിക്കറ്റും അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. കൂടാതെ അപേക്ഷകളിൽ കമ്മറ്റി മെമ്പറുടെ റിപ്പോർട്ടും രേഖപ്പെടുത്തി വാങ്ങേണ്ടതാണ്. **മഹല്ല് കമ്മറ്റി നടത്തി വരുന്ന സൺഡേ ക്ലാസിൽ മുടങ്ങാതെ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് മാത്രമേ വിദ്യാഭ്യാസ സ്കോളർഷിപ്പ് നൽകിയാൽ മതിയെന്ന് കമ്മറ്റി തീരുമാനിച്ചിട്ടുള്ളതും ആയത് നിർബന്ധമായി നടപ്പിലാക്കി വരുന്നതാണെന്നും അറിയിക്കുന്നു.**

3. മഹല്ലിന്റെ സൗജന്യ സ്കൂൾ ട്യൂഷൻ 05-05-2014 മുതൽ ആരംഭിച്ചിട്ടുണ്ട്. താല്പര്യമുള്ള രക്ഷിതാക്കൾ മഹല്ല് കമ്മറ്റി ഓഫീസുമായി ബന്ധപ്പെട്ട് കുട്ടികളെ ക്ലാസ്സിലെത്തിക്കേണ്ടതാണ്.

4. മഹല്ല് പൊതുയോഗ തീരുമാനപ്രകാരമുള്ള വിവാഹപൂർവ്വ കൗൺസിലിംഗ് ക്ലാസ്സുകൾ എല്ലാ രണ്ടാം ശനിയാഴ്ചകളിലും മ്യൂസിയം ഹാളിൽ നടന്നു വരുന്നുണ്ട്. 3 ക്ലാസുകളിലെങ്കിലും പങ്കെടുക്കാത്തവർക്ക് വിവാഹഫോറം, നൽകേണ്ടതില്ലെന്ന് മഹല്ല് പൊതുയോഗം തീരുമാനിച്ചിട്ടുണ്ട്. ബന്ധപ്പെട്ടവർ ക്ലാസുകളിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

5. സാമ്പത്തിക ഭദ്രതയുള്ള മഹല്ല് അംഗങ്ങളുടെ വീടുകളിൽ നടക്കുന്ന വിവാഹങ്ങൾക്കുള്ള അനുമതിപത്രം മഹല്ല് കമ്മറ്റി ഓഫീസിൽ നിന്നും വാങ്ങുന്ന മുറക്ക് മഹല്ല് പൊതുയോഗം നിശ്ചയിച്ചിട്ടുള്ളത് പ്രകാരം വിവാഹ സെസ്സ് കൂടി ഓഫീസിൽ അടച്ച് രശീതി വാങ്ങേണ്ടതാണ്.

**എസ്.എ. അബ്ദുൽ കയ്യൂം** (ഒപ്പ്)
സെക്രട്ടറി, ചേരമാൻ മഹല്ല് കമ്മറ്റി

*Memories Again*
















# CHERAMAN JUMA MASJID

(THE FIRST MASJID IN INDIA)

**Cheraman Nagar, Kodungallur - 680 664, Thrissur Dt., Kerala, India**

Website : www.cheramanmosque.com ▮ www.cheramanjumamasjid.com
E-mail : cheramanmasjid@gmail.com

Phone: 0480 - 280 3170,+91 82 89 84 3170

Excel Offset, Kdlr. : 9846188850